
# ബെഥേൽപത്രിക

വാല്യം 8 ഡിസംബർ 1995 ലക്കം 12



ക്രിസ്തുമസ് നവവത്സര
ആശംസകൾ !

# ബഥേൽ പത്രിക

(ചെങ്ങന്നൂർ മെത്രാസന കേന്ദ്രത്തിൽ നിന്നും
പ്രസിദ്ധീകരിക്കുന്നത്.)

★ ഡിസംബർ 1995 ★

## ഉള്ളടക്കം

മുഖമൊഴി
ഇടയലേഖനം

| | | |
|---|---|---|
| ക്രിസ്തുമസ് ധ്യാനം | 4 | ഫാ. ജേക്കബ് ചെറിയാൻ |
| ദൈവപ്രസാദത്തിന്റെ സന്ദേശം | 7 | പ. കാതോലിക്കാ ബാവാ |
| മിശിഹാജനനം (കവിത) | 9 | എ. എ. ജേക്കബ് |
| നേത്രദാനം മഹത്‌യജ്ഞം | 10 | ജേക്കബ് ഉമ്മൻ |
| പരി. ആത്മാവില്ലാതെ സഭയില്ല (III) | 12 | മാത്യു സഖറിയ ചെമ്പകമഠം |
| ദാമ്പത്യം ബന്ധം ബന്ധനം | 13 | പി. എം. മാത്യു വെല്ലൂർ |
| വചനം ജഡമായി (കവിത) | 15 | സാബു ഓലപ്പുറത്ത് |
| കാഴ്ചയർപ്പിച്ച മഗ്ദലേനമാർ | 16 | വറുഗീസ് ജോൺ തോട്ടപ്പുഴ |
| ക്രിസ്തുമസ് | 18 | സജി അമയിൽ |

വചനമാധുരി, ബാലപത്രിക, വാർത്തകൾ

## പത്രാധിപസമിതി

മാനേജിംഗ് എഡിററർ : തോമസ് മാർ അത്താനാസിയോസ്
ചീഫ് എഡിററർ : ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
അംഗങ്ങൾ : വെരി. റവ. പി. ജി. ജോർജ്ജ് കോർ എപ്പിസ്കോപ്പാ, ഫാ. പി. ജി. ജോർജ്, ഫാ. പി. വി. ജോൺ, ഫാ. ഐപ്പ് പി. സാം, ഡോ. കെ. എം. തരകൻ, ഡോ. സാമുവേൽ ചന്ദനപ്പള്ളി, ജേക്കബ് ഉമ്മൻ, പ്രൊഫ. സൂസി ഏബ്രഹാം
സർക്കുലേഷൻ മാനേജർ : എം. എ. ജേക്കബ്

## മുഖമൊഴി

അന്താരാഷ്ട്ര സഹിഷ്ണുതാ വർഷം? 1995.
അശാന്തിയും അസഹിഷ്ണുതയും സമൂഹത്തെ
ഗ്രസിക്കുമ്പോൾ സഹിഷ്ണുതയോ?

സാമുദായിക മൈത്രിയും സൗഹാർദ്ദവും-
ഇടിച്ചുപൊളിച്ച്...മതമൗലികത ആളിക്കത്തിച്ചപ്പോൾ
'സഹിഷ്ണുതാ' ചിന്തകൾ വ്യാപകമായി.

അസഹിഷ്ണുതയുടെ രഥയാത്രകളിൽ
ഞെരിഞ്ഞമരുന്നത് സൗഹാർദ്ദത്തിന്റെ
ഉദാത്തമായ മൂല്യങ്ങളാണ്.

സനാതനമായി പ്രോജ്ജ്വലിക്കേണ്ട പാരമ്പര്യങ്ങൾ തകർത്ത്
സംസ്ക്കാരങ്ങളിൽ വിള്ളലുകൾ സൃഷ്ടിക്കുകയാണ്.
സഹിഷ്ണുതയുടെ അന്തരീക്ഷം ഇനിയും അകലെയല്ലേ?

പരിമിത ചിന്തകൾക്കപ്പുറം 'നല്ല അയൽക്കാരനാകുന്ന'
ദൈവികതയുടെ സന്ദേശമാണു സഹിഷ്ണുത.
'കൃപയും സത്യവും നിറഞ്ഞ്'
സഹിഷ്ണുത വളർത്തുവാനുള്ളതാണ് 'ക്രിസ്തുമസ്'
അധാർമ്മികതക്കുംതിന്മയ്ക്കുമെതിരെ
അസഹിഷ്ണുതയും.

x x x x x

സഭയുടെ ഏതെങ്കിലും പ്രസ്ഥാനങ്ങൾ
സഹിഷ്ണുത പഠന വിധേയമാക്കിയോ? അറിയില്ല.
അപചയം പററി തുരുമ്പെടുത്ത ചിന്തകളാണു
യുവജന വേദികളിൽപ്പോലും!

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

## ഇടയലേഖനം



വാത്സല്യമക്കളെ,

ഇസ്രായേൽ പ്രധാന മന്ത്രിയായ യിസഹാക്ക് റബീൻ വെടിയേററു മരിച്ച വാർത്ത ലോക സമാധാന കാംക്ഷികളെ ആകമാനം ഞെട്ടിക്കുകയും ദുഃഖത്തിലാഴ്ത്തുകയും ചെയ്തു. ഇസ്രായേൽ രാഷ്ട്രത്തിൻെറ രൂപവൽക്കരണം 1948 ൽ നടന്നതിനു ശേഷം രണ്ടു ഭാരമേററ പ്രധാന മന്ത്രിമാരിൽ ആറാമവ് ഇസ്രയേൽ സംഘട്ടനത്തിനു് ഒരറുതി വരുത്തുവാനും ലോക സമാധാനശ്രമങ്ങൾക്ക് ആക്കം കൂട്ടുവാനും ശ്രമിച്ച മനുഷ്യസ്നേഹി ആയിരുന്നു യിസഹാക്ക് റബീൻ.

സാധാരണ സൈനികനായി ജീവിതം ആരംഭിച്ച റബീൻ കഠിന പരിശ്രമവും സ്ഥിരോത്സാഹവും കൊണ്ടു് ഉന്നത പദവിയിലെത്തി. യഹൂദ ജനതയുടെ നിത്യ ശത്രുക്കളായി കരുതപ്പെടുന്ന പാലസ്തിനികളുമായി ഒരു ഒത്തുതീർപ്പുണ്ടാക്കുക എന്നതു് സ്വപ്നം കാണുവാൻ പോലും സാധ്യമല്ലാതിരുന്ന സാഹചര്യത്തിൽ അതിനായി പരിശ്രമിക്കുവാനുള്ള ചങ്കൂററം കാട്ടിയതു് മാത്രം മതി ലോകചരിത്രത്തിൽ റബീനു് ചിരപ്രതിഷ്ഠ നേടുവാൻ.

സഹസ്രാബ്ദങ്ങൾ പഴക്കമുള്ള അറബി ഇസ്രായേൽവൈരം അനുദിനം വർദ്ധിച്ചു് നിരവധി നിരപരാധികളെ ഹോമിച്ചു്, സ്ഥാവരജംഗമ സ്വത്തുക്കൾക്ക് നാശനഷ്ടം വരുത്തി. സമാധാനം ഇല്ലാതെയായി; അറബി രാഷ്ട്രങ്ങളാകട്ടെ യിസ്രായേലിനെ എന്നുമെന്നും ശത്രു രാജ്യമായി കരുതി. അറബി രാജ്യങ്ങളും മററു മുസ്ലീംങ്ങളും വെറുക്കുമെന്നു കരുതി ഇസ്രായേലുമായി നയതന്ത്രബന്ധം സ്ഥാപിക്കുവാൻ ഇന്ത്യ ഭയപ്പെട്ടു.

ഇന്നു ലോകമാകെ മാറി, നയതന്ത്ര ബന്ധങ്ങളിലെല്ലാം അത്ഭുതാവഹമായ മാററംവന്നു. അറബി രാഷ്ട്രങ്ങളേയും പലസ്തീനെയും ഇസ്രായേലിനെയും തുല്യനിലയിൽകണ്ടു് സൗഹൃദം പുലർത്തിയ അമേരിക്കയ്ക്കു് ഇവരെയെല്ലാം വളരെയേറെ അടുപ്പിക്കുവാൻ സാധിച്ചു.





പല കാര്യങ്ങളിലും അമേരിക്കയെ എതിർക്കുന്നവർക്കു പോലും അമേരിക്ക ഇക്കാര്യത്തിൽ നിർവഹിച്ച ചരിത്ര പ്രധാനമായ പങ്കിനെ വിസ്മരിക്കുവാനാവില്ല. അമേരിക്കയുടെ നിരന്തരമായ പരിശ്രമവും എതിർകക്ഷികളുടെ മാനസാന്തരവും മൂലം പടിപടിയായി അറബി ഇസ്രായേൽ ശത്രുത സൂര്യോദയത്തിൽ മഞ്ഞുരുകുന്നതു പോലെ അലിഞ്ഞലിഞ്ഞില്ലാതെയായി. 1978 ൽ അമേരിക്കയിലെ മേരിലാൻറ് സംസ്ഥാനത്തുള്ള ക്യാമ്പ് ഡേവിഡ് എന്ന സ്ഥലത്തു നടന്ന ഈ ഈജിപ്ത് ഇസ്രായേൽ സമാധാനകരാറാണ് ഇത്തരത്തിലുള്ള പ്രഥമ സംരംഭം. 1992 ജൂലൈയിൽ റബീൻ പ്രധാനമന്ത്രി ആയപ്പോൾ പലസ്തീനുമായി സമാധാനം സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയും 1993 ൽ അമേരിക്കയിലെ വൈററ് ഹൗസിൽ പി.എൽ.ഒ. തലവൻ യാസർ അറാഫത്തുമായി ഇസ്രായേൽ പലസ്തീൻ കരാർ ഒപ്പിടുകയും ചെയ്തു. ലോക ചരിത്രത്തിലെ തന്നെ അത്യപൂർവ്വമായ ഒരു സംഭവമായിരുന്നു അതു്.

എന്നാൽ സമാധാനത്തിലേക്കുള്ള യാത്ര പൂർത്തിയായിരുന്നില്ല. പലസ്തീനിലും ഇസ്രായേലിലുമുള്ള തീവ്രവാദികൾ മേല്പറഞ്ഞ ഉടമ്പടിയെ എതിർത്തു.

സമാധാന പരിശ്രമങ്ങൾക്കായി ജീവിതം സമർപ്പിച്ച അരാഫത്തിനും റബീനും അതു് ഒരു ഭീഷണിയായിത്തീർന്നു. തീവ്രവാദികളുടെ ഭീഷണികളെ തൃണവൽഗണിച്ച സമാധാന കാംക്ഷികളുടെ പരിശ്രമങ്ങൾക്കു് കനത്ത ആഘാതമായി റബീൻ രക്തസാക്ഷികളുടെ നിരയിലേക്ക് ചേർന്നിരിക്കുന്നു.

സമാധാന പ്രഭുവായ ക്രിസ്തുവിനെ വരവേൽക്കുന്ന ഈ അവസരത്തിൽ ഇസഹാക്കു് റബീൻെറ രക്തസാക്ഷിത്വം ലോക ജനതയെ കണ്ണീരിലാഴ്ത്തിയിരിക്കുന്നു. ഇന്നു ലോകം മുഴവൻ ഉററുനോക്കുന്നത് റബീൻെറ പിൻഗാമിയായി അധികാരത്തിൽ പ്രവേശിച്ചിരിക്കുന്ന ഷിമോൻ പെരസിലേക്കാണ്. പശ്ചിമേഷ്യയിൽ സമാധാനം ഉറപ്പാക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

എവർക്കും ഊഷ്മളമായ ക്രിസ്തുമസും
സമ്പൽസമൃദ്ധമായ നവവത്സരാശംസകളും !

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ ബലഹീനനായ
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

## ക്രിസ്തുമസ് ധ്യാനം

''ഭയപ്പെടേണ്ട സർവ്വജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു''

*(ലൂക്കോ. 2:10)*

—ഫാ. ജേക്കബ് ചെറിയാൻ,
(വികാരി, സെ. മേരീസ് പള്ളി, ഓതറ)

**രാ**ത്രിയുടെ നിശബ്ദതയിൽ ബേതലഹേമിൽ മുഴങ്ങിയ വലിയ സന്തോഷ വാർത്തയാണിത്: 'സർവ ജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു'.

മാനവ ജാതിയുടെ പാപ പരിഹാരകൻ ആയി ദൈവപുത്രൻ ജാതനായി. തിരു അവതാര സമയത്ത് ബേത്ലഹേം ഗ്രാമത്തിനു വെളിയിലുള്ള വയലുകളിൽ തങ്ങളുടെ ആട്ടിൻ കൂട്ടങ്ങൾക്ക് കാവൽ കിടന്ന കുറെ ആട്ടിടയന്മാരോട് ഒരു ദൈവദൂതൻ പറഞ്ഞതാണ് ഈ സന്ദേശം.

നൂററാണ്ടുകളായി ലോകമെങ്ങും ദൈവപ്രസാദമുള്ളവർ കാത്തിരിക്കുകയായിരുന്നു ഈ അസുലഭ നിമിഷം. യേശു ക്രിസ്തുവിന്റെ ജനനത്തെ ആഡംബര പൂർവ്വം ആഘോഷിക്കുന്നവർ വിസ്മരിക്കുന്ന ചില സത്യങ്ങൾ ദൈവദൂതന്റെ അറിയിപ്പിൽ നമുക്കു കാണാം.

1. ഇതു പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതിലേക്കും വലിയ സന്തോഷ വാർത്തയാണ്.
2. ഈ സന്തോഷം സർവജനത്തിനും ഉള്ളതാണ്.

### വലിയ സന്തോഷവാർത്ത

മാനവ കുലത്തിന്റെ തുടക്കം മുതൽ അന്നോളം കേട്ടിട്ടുള്ളതിലേക്കും സന്തോഷകരമായ വാർത്തയാണ് ലോകത്തിനു ഒരു രക്ഷകൻ പിറന്നിരിക്കുന്നു എന്നതു്. സാത്താന്റെ കുടില തന്ത്രങ്ങളാൽ ദൈവ സംസർഗവും സാന്നിദ്ധ്യവും വികലമാക്കിയ മനുഷ്യനു് ദൈവം നല്കിയ വാഗ്ദാനം ആണ് സ്ത്രീയുടെസന്തതി സർപ്പത്തിന്റെ തല തകർക്കും (ഉല്പ.3; 15) ഈ വാഗ്ദാന നിവർത്തിക്കായി തലമുറകൾ കാത്തിരുന്നു; കർത്താവുതന്നെ ഓർപ്പിക്കുന്ന അനേകർ ഈ ദിവസം കാണ്മാൻ കാത്തിരുന്നു കണ്ടില്ലതാനും.

ദൈവ കൃപയുടെ പൂർണ്ണത നഷ്ടമാക്കിയ മനുഷ്യനു് അതു് തിരികെ നൽകുന്നതിനു് ദൈവം ലോകത്തെ ഒരുക്കുകയായിരുന്നു. ദൈവ ഭക്തരായ അനേകം പിതാക്കന്മാരുടെ ജീവിത ദൃഷ്ടാന്തങ്ങളിൽ കൂടി തന്റെ വാഗ്ദാനം ദൈവം





ലോകത്തെ ഓർപ്പിച്ചു. ഗോത്ര പിതാക്കന്മാരുടെയും പ്രവാചകന്മാരുടേയും അനേക ജീവിത സംഭവങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്.

ദാവീദ്ഗൃഹമേ കർത്താവു നിങ്ങൾക്കായി ഒരു അടയാളം തരുന്നു കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും ഇമ്മാനുവേൽ എന്നു് അവനു് പേർ വിളിക്കും (യെശയ്യ. 7:14). എന്നു് യെശയ്യാവു സൂചിപ്പിച്ചു. ക്രിസ്തുമസ് പെരുനാൾ ശുശ്രൂഷ ക്രമത്തിൽ നാം വായിക്കുന്നു. 'വംശത്തലവനായ അബ്രഹാം മുട്ടാടിനെ നൽകിയ വൃക്ഷം മുഖാന്തിരം ഇതിനെ കണ്ടു. ഗോത്രപിതാവായ യാക്കോബ് അത്ഭുത ശിശുവിന്റെ ജന്മദിനം കാണ്മാൻ പ്രജാതിയർ പ്രതീക്ഷിക്കും എന്നു പറഞ്ഞ് വി. കന്യകയുടെ ഗർഭത്തിലെ കർത്താവിന്റെ വാസവും അതിനു് സംഭവിക്കാതിരിക്കുന്ന ന്യൂനതയും മുൾപ്പടർപ്പിൽ വസിച്ച് ജ്വലിച്ചിട്ടും ദഹിച്ചുപോകാത്ത അഗ്നിയിലൂടെ മോശ ദർശിച്ചു. നാലു മുഖമുള്ള രഥത്തിൽ വസിക്കുന്നവനായി ഹസ്ക്കിയേൽ ഇവനെ കാണുന്നു. ദാവീദും യെരമിയായും തുടങ്ങി അനേകർ തങ്ങളുടെ ജീവിത കാലത്തു് ദൃഷ്ടാന്തങ്ങളിലൂടെയും ഉപമകളിലൂടെയും ഈ സന്തോഷം അനുഭവിച്ചു.

ആധിപത്യം തോളിന്മേൽ നൽകപ്പെട്ട് അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു തുടങ്ങിയ പല നിലകളിൽ യെശയ്യാവ് വീണ്ടും ഈ സന്തോഷ വാർത്ത കാണുന്നു. അവന്റെ ആധിപത്യത്തിനും, സമാധാനത്തിനും അവസാനം ഉണ്ടാകുകയില്ല'.

ഇപ്രകാരം നൂററാണ്ടുകളായി തലമുറകൾ കാത്തിരുന്ന വലിയ ദിവസം രക്ഷകന്റെ അവതാരത്തിലൂടെ അനുഭവവേദ്യമായി. ഈ സന്തോഷ ദിവസത്തെ അനുസ്മരിക്കുകയാണ് ക്രിസ്തുമസിലൂടെ.

### സർവ്വ ജനത്തിന്റെയും സന്തോഷം

ക്രിസ്തുമസിന്റെ ആഘോഷങ്ങളിൽ നാം മറന്നുപോകുന്നതും പങ്കുവെയ്ക്കുവാൻ തയാറാകാത്തതും ആയ ഒരു വലിയ സത്യം ഇല്ലേ? ദൈവം സർവലോകത്തിനും നൽകുവാൻ നമ്മേ ഏല്പിച്ച സർവ സമൂഹത്തിന്റെയും സന്തോഷം ക്രൈസ്തവർ മററുള്ളവർക്ക് നൽകുന്നതിൽ എത്രയധികം വിജയിച്ചിട്ടുണ്ടു്?

ക്രിസ്തുവിന്റെ ജനനത്തെ അറിയിച്ച ദൂതൻ ഒരു കാര്യം വളരെവ്യക്തമായിപറയുന്നു: ദൈവ പ്രസാദമുള്ള മനുഷ്യർക്ക് സമാധാനം. (ലൂക്കോ. 2:14) നമ്മുടെ സമാധാനവും ദൈവിക സന്തോഷവും ഈ ദൈവ പ്രസാദത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നതു്. യേശു നാഥൻ സ്വയം ഇല്ലാതായി (Self empty) മനുഷ്യർക്ക് നൽകിയതുപോലെ നാമും സ്വയം ഇല്ലാതാകുവാൻ തയ്യാറാകുമ്പോൾ ദൈവം പ്രസാദിക്കും. നമ്മുടെ സന്തോഷം മററുള്ളവരിലേക്ക് ഒഴുകുവാൻ തുടങ്ങും. അവൻ ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ ദാസവേഷം എടുക്കുവാൻ തയാറായി (ഫിലി. 2:6) ഫലമോ ദൈവം അവനെ സകലത്തിലും മേലായി ഉയർത്തി.

നമ്മുടെ നോമ്പനുഷ്ഠാനങ്ങളും ക്രിസ്തുമസ് പെരുന്നാൾ ആഘോഷങ്ങളും കർത്താവ് നമ്മിൽ ജാതം ചെയ്യുവാൻ ഇടയാകുന്നുണ്ടോ? കർത്താവിന് നമ്മിൽ ജനിക്കുവാനുള്ള വിശുദ്ധിയുടെ അനുഭവത്തിലേക്ക് ഉയരുവാൻ കഴിയുന്നുണ്ടോ? സർവ്വജനത്തിനും ക്രിസ്തുമസിന്റെ സന്തോഷം പങ്കുവയ്ക്കുന്നതിൽ പരാജയപ്പെടുന്നതിലൂടെ ക്രിസ്തുമസ് സന്ദേശവും സന്തോഷവും പൂർണ്ണമായും അംഗീകരിക്കുവാൻ സാധിക്കാതെ പോകുന്നു.

സ്വയം ഇല്ലാതാകുന്നതിലൂടെയും മറ്റുള്ളവർക്ക് നൽകുന്നതിലൂടെയും ഈ സന്തോഷം സർവജനത്തിന്റെയും ആക്കിതീർക്കാം.

വിളക്കു കത്തുമ്പോൾ പ്രകാശം ലോകത്തിന് ലഭിക്കുന്നു. സത്യവെളിച്ചമാകുന്ന യേശു നമ്മിൽ ഉളവാകുമ്പോൾ വിളക്കുപോലെ നാം പ്രകാശം പരത്തുവാൻ സംഗതിയാകും. കർത്താവിന്റെ ജനനത്തിൽ ഉദിച്ച താരകം വിജ്ഞാനികൾക്ക് വഴികാട്ടിയായതുപോലെ നമുക്കും അനേകരെ യേശുവിങ്കലേക്ക് വരുത്തുവാൻ സാധിക്കും.

ദൈവം നമുക്ക് നൽകിയ നന്മകൾ നാം ഉപയോഗിക്കുമ്പോൾ പട്ടിണിയിലും പ്രയാസത്തിലും ജീവിതം തള്ളിനീക്കുന്ന സഹോദരങ്ങളെ നാം ഓർക്കുമോ? സഭയുടെയും മതത്തിന്റെയും പരിധികൾ കടന്ന് നമ്മുടെ സ്നേഹം പങ്കിടുവാനുള്ള വിശാലത നമുക്ക് ലഭിക്കുമോ?

സഭയുടെ ശുദ്ധീകരണത്തിന്റെയും പ്രതിഷ്ഠയുടെയും ദിവസം മുതൽ ജനനത്തെ സ്മരിക്കുവാൻ. നാം ഒരുങ്ങുന്ന വലിയ സന്തോഷത്തിൽ പങ്കു ചേരുവാൻ ഒരു വലിയ ഒരുക്കം കൂടിയേ തീരൂ.

പാപത്തിന്റെയും തത്ഫലമായുള്ള മരണത്തിന്റെയും അവസ്ഥയിൽനിന്ന് സകല പ്രപഞ്ചത്തേയും മോചിപ്പിക്കുന്ന ദൈവിക പദ്ധതിയുടെ തുടക്കം യേശുവിന്റെ ജനനത്തിൽ ഘോഷിക്കപ്പെട്ടു.

ദൈവത്തെ ധരിച്ചവരായ പിതാക്കന്മാർ കാണിച്ചുതന്ന ആത്മീയ പാതകളിലൂടെ കടന്നു പോകാത്തവർക്കു ക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ ആഘോഷിക്കുവാൻ ധാർമ്മികമായി യാതൊരു അർഹതയും ഇല്ല. കരോൾ സംഘടിപ്പിച്ചു കുറെ ആഘോഷങ്ങളിലൂടെ പണം സമ്പാദിച്ചും പൊള്ളയായ ആശംസകൾ അർപ്പിച്ചും ഹേറോദാവിന്റെ പിൻഗാമികളാകാതെ വിദ്വാന്മാരേപ്പോലെ വിലയേറിയ നിക്ഷേപങ്ങൾ ദൈവപുത്രനു കാഴ്ചയണച്ച് നമ്മുടെ ജീവിതം തന്നെ ഉണ്ണിയേശുവിന്റെ സന്നിധിയിൽ സമർപ്പിക്കാം.

പ്രഥമ ക്രിസ്തുമസിന്റെ നിർമ്മലമായ സന്ദേശങ്ങൾ ദൈവദൂതനെപോലെ നമുക്കും ലോകത്തെ അറിയിക്കാം.



# ദൈവപ്രസാദത്തിന്റെ സന്ദേശം

പ. കാതോലിക്കാ ബാവാ

ദൈവീക സമാധാനത്തിന്റെയും, ശാന്തിയുടെയും, സ്നേഹത്തിന്റെയും സന്ദേശമാണ് ദൈവപുത്രന്റെ തിരു അവതാരത്തിൽ വിളംബരം ചെയ്യപ്പെട്ടത്. ആ സന്ദേശം ശ്രവിച്ച ആട്ടിടയന്മാർ ബേത്‌ലഹേമിൽ എത്തി കാലിത്തൊഴുത്തിൽ സുഖനിദ്രകൊള്ളുന്ന ദൈവശിശുവിനെ ആരാധിച്ച് അനുഗ്രഹിതരായി. വിദ്വാന്മാർ അവനെ നമസ്കരിച്ച് തങ്ങളുടെ നിക്ഷേപ പാത്രങ്ങൾ തുറന്ന് തിരുമുൽക്കാഴ്ച സമർപ്പിച്ച് ധന്യരായി. മാലാഖമാർ ആനന്ദാതിരേകത്താൽ സ്തോത്രം പാടി. പ്രപഞ്ചം മുഴുവൻ ദൈവപുത്രനെ ആദരിച്ച് തല കുനിച്ച് മൗനമായി നിന്നു.

## മനുഷ്യാവതാരം

ലോക സമാധാനത്തിനും വീണ്ടെടുപ്പിനും വേണ്ടി മനുഷ്യാവതാരം ചെയ്ത ദൈവപുത്രനെപ്പറ്റി കേട്ടപ്പോൾ ദുഷ്ടനായ ഹേറോദേസ് യേശുവിനെ നിഗ്രഹിക്കാൻ മാർഗ്ഗം ആരായുകയാണ് ചെയ്തത്. ആ കാപട്യം ഉള്ളിൽ മറച്ചു വെച്ച് 'ഞാനും ചെന്ന് അവനെ വന്ദിക്കേണ്ടതിന് വന്ന് എന്നെ അറിയിപ്പിൻ'' എന്ന് പറഞ്ഞ് വിദ്വാന്മാരെ അയച്ചു. നിഷ്കളങ്കരായ വിദ്വാന്മാർ അത് സത്യമാണെന്ന് വിശ്വസിച്ചു. എന്നാൽ സകല നിനവുകളേയും വെളിപ്പെടുത്തുന്നവനായ ദൈവം ആ കുടിലന്റെ ദുരുദ്ദേശം വിദ്വാന്മാർക്ക് വെളിപ്പെടുത്തികൊടുത്തു. അതിന്റെ പ്രതികാരാഗ്നിയിൽ നിർദ്ദോഷികളായ അനേകം പിഞ്ചുകുഞ്ഞുങ്ങളെ ആഹുതി ചെയ്യപ്പെടുകയും ചെയ്തു. ഈ പ്രവർത്തി മൂലവും അവന്റെ ലക്ഷ്യം സാധിക്കാതെ വന്നു.

സ്നേഹിതരെ! ദുഷ്ടന്റെ ആശ നശിച്ചുപോകും. 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ, സമാധാനം, മനുഷ്യർക്കു സംപ്രീതി' നിറപ്പിന്റെയും സമാധാനത്തിന്റെയും ഈ സന്ദേശം മാലാഖമാരിൽ പ്രഘോഷിതമായി. 20—ാം നൂറ്റാണ്ടിന്റെ അന്ത്യവേളയിലും ഈ സന്ദേശത്തിന്റെ മാറ്റൊലി ലോകമാകെ പുതുമയോടെ മുഴക്കുന്നു. അതു ശ്രവിക്കുന്ന അനേകർ സമാധാന പ്രഭുവിങ്കലേക്ക് അടുത്തുവരികയും നിത്യമായ സമാധാനം അനുഭവിക്കുകയും ചെയ്യുന്നു. എന്നാൽ ഹേറോദോസിനെപ്പോലെ ജനദ്രോഹികളും ദൈവവിരോധികളും ആയവർ സമാധാനമില്ലാതെ ഉഴലുകയും, നരഹത്യകളും അധർമ്മവും ചെയ്തു കൊണ്ട് അരിഷ്ടതയേറിയ അനുഭവങ്ങളിലേക്ക് സ്വയം നിപതിക്കുകയും ലോകത്തെ നയിക്കുകയും ചെയ്യുന്നു.

യേശുക്രിസ്തുവിന്റെ ജീവിത വ്യാപാരങ്ങൾ സകലമനുഷ്യരുടെയും

നന്മയ്ക്കും വീണ്ടെടുപ്പിനുമായിരുന്നുവെങ്കിലും അതിനെ അഗണ്യമാക്കിയും അപലപിച്ചും യഹൂദനേതാക്കളും റോമാസാമ്രാജ്യാധികാരികളും കഴിഞ്ഞുകൂടി. അവസാനം അവർ യേശുവിനെ ക്രൂശിൽ തൂക്കി കൊന്നു. അവർ വിജയിച്ചു എന്നു് തോന്നിയെങ്കിലും മൂന്നാം ദിവസം താൻ ഉയിർത്തു. മഹിമയോടുകൂടി, ശക്തിയോടുകൂടി ഇന്നും ജീവിക്കുന്നു. അസൂയപൂണ്ട യഹൂദവർഗ്ഗം അധഃപതിച്ചു അവരുടെ ആചാര്യത്വം വീണ്ടെടുക്കപ്പെട്ടില്ല. അവരുടെ ഭരണവും, ആധിപത്യവും സാമ്രാജ്യത്വവും അസ്തമിച്ചു. അധർമ്മചാരികളും ധൂർത്തന്മാരും, സാമൂഹ്യദ്രോഹികളും ഇന്നും പരാജയപ്പെട്ടുകൊണ്ടു് അന്നത്തെ പ്രക്രിയ ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. (History repeats Itself) ക്രിസ്തുയേശുവിന്റെ സാമ്രാജ്യമാകട്ടെ വളർന്നു വരുകയും ഇന്നും അന്ധകാര ശക്തികളോടു് പോരാട്ടം ചെയ്തു കൊണ്ടു് മുന്നേറുകയും ചെയ്യുന്നു.

## സമാധാനം

പ:സഭയിൽ ദീർഘകാലമായി നിലവിലിരുന്ന വ്യവഹാരത്തിന്റെ പര്യവസാനം കണ്ടു തുടങ്ങിയ ഈ അവസരത്തിൽ നാം കൊണ്ടാടുന്ന ക്രിസ്തുമസ്സ് ആണ് ഇതു്. വാശിയും, വൈരാഗ്യവും വെടിഞ്ഞു് കക്ഷിഭേദമെന്യേ മലങ്കരയിലെ ജനങ്ങളെല്ലാം സമാധാനത്തിലും നിരപ്പിലും ഒന്നായി ക്രിസ്തുമസ് കൊണ്ടാടിയെങ്കിൽ എന്നു് നാം ആശിക്കുന്നു. ഇതു് മുമ്പു തന്നെ നാം കല്പനകൾ മുഖാന്തിരവും പത്ര പ്രസ്താവനയിലൂടെയും നിങ്ങളോടെ ആവശ്യപ്പെട്ടിരുന്നു. ആയതിനാൽ മലങ്കരസഭയുടെ ഐക്യത്തിനും പുരോഗമനത്തിനും ദൈവതിരുനാമമഹത്വത്തിനും വേണ്ടി നാം പ്രവത്തിക്കണം. കേസിൽ ഒരു കക്ഷി തോററു ഒരു കക്ഷി ജയിച്ചു എന്നിങ്ങനെയുള്ള ചിന്തകളെല്ലാം വെടിഞ്ഞു് ഐക്യത്തോടും സ്നേഹത്തോടും കൂടി വത്തിക്കണം. വിധി രണ്ടുകൂട്ടർക്കുമുള്ളതാണ്. രണ്ടുകൂട്ടരും ഒരുമിച്ച് അതിന്റെ ഗുണമനുഭവിക്കണം. യേശുവിനെ വന്ദിക്കുവാൻ എന്ന വ്യാജേന ക്രിസ്തുവിനെ ഇല്ലാതാക്കുവാൻ മാർഗമാരാഞ്ഞ ദുഷ്പ്രഭുവായ ഹേരോദോസിനെപ്പോലെ, സഭാ സേവനം എന്ന ഭാവേന സഭയെ വീണ്ടും ഭിന്നതയിലേക്കു് നയിക്കുന്നതു് പാപകരവും ശാപകരവും ആയിരിക്കും.

സമാധാനം ഉണ്ടാക്കുന്നവർ ഭാവാൻമാർ അവർ ദൈവത്തിന്റെ മക്കളെന്നു വിളിക്കപ്പെടും, സമാധാനം ഉള്ളവർക്കേ സമാധാനത്തിന്റെ പ്രചാരകന്മാർ ആകുവാൻ കഴിയൂ. ആയതിനാൽ ശാശ്വതമായ സമാധാനം ലഭിപ്പാൻ തക്ക ദൈവപ്രസാദമുള്ള മനസ്സ് എല്ലാവരിലുമുണ്ടാകട്ടെ എന്നു് നാം ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പ:മാലാഖമാരോടു ചേർന്നു് അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ സമാധാനം. ദൈവ പ്രസാദമുള്ളവർക്കു് സംപ്രീതി എന്നു് നമുക്കും പാടാം.

എല്ലാവർക്കും ബലഹീനനായ നമ്മുടെ ക്രിസ്തുമസ് ആശംസകളും അനുഗ്രഹങ്ങളും.

ദൈവം അനുഗ്രഹിക്കട്ടെ.



# മിശിഹാ ജനനം

എം. എ. ജേക്കബ്, പുത്തൻകാവ്

റോമാരാജ്യത്തിലെ കൈസർതൻ കീഴിലായ്
യൂദർതൻ രാജ്യമാം പാലസ്തീനു്
സീസർതന്നാജ്ഞയാൽ കാനേഷുമാരിക്കായ്
മേരിയും ജോസഫും യാത്രയായി.
ബേതൽഹേമെന്നുള്ള പേരിൽ പ്രസിദ്ധമാം
ദിക്കിൽ ചെന്നെത്തിനാർ ശർവ്വരിയിൽ
ഗർഭിണിയായ മറിയയെ പാർപ്പിക്കാൻ
ആലയം നോക്കിനടന്നു കാന്തൻ.

മാനുഷന്മാരുടെ പ്രാചുര്യം കാരണം
മന്ദിരമൊന്നും ലഭിച്ചതില്ല
ഏറെനടന്നു വിഷമിച്ച വേളയിൽ
ഗോശാല കിട്ടിയവർക്കു പാർപ്പാൻ
പാതിരാവായ സമയത്തു ശ്രീമേരി
സത്യസ്വരൂപന്റെ മാതാവായി
ദേവാധിദേവന്റെ സൂനുവാം ക്രിസ്തേശു
കേവലം മാനുഷ നന്ദനനായ്
ഗോശാല തന്നിൽ കിടപ്പതു കണ്ടപ്പോൾ
വാനവരത്ഭുത സ്തബ്ധരായി.

ദാവീദു രാജാവിൻ കൊട്ടാരം തന്നിലെ
മഞ്ചത്തിൽ ചെമ്മെ ശയിച്ചിടേണ്ട
രാജകുമാരക നിന്നിതാ വയ്ക്കോലിൽ
ഏററവും നന്നായുറങ്ങിടുന്നു
രാജകൊട്ടാരത്തിൽ പട്ടാംബരത്തിനാൽ
ചുററപ്പെടേണ്ടതാം പൂവൽമേനി
ഇന്നിതാ ദുർഗന്ധം പാരം വമിക്കുന്ന
കീറത്തുണികളാൽ ആവൃതമായ്,

രാജഗേഹത്തിലെ സംഗീത വിദ്വാന്മാർ
വാഴ്ത്തി സ്തുതിക്കേണ്ട രാജസൂനു ,
കാലികൾ മുററും പുറപ്പെടുവിച്ചീടും
ശബ്ദത്താലേററവും സ്തുത്യനായി.
രാജദാസന്മാരാൽ ഏററവും ഭംഗിയായ്
വാസന നീരു തളിച്ചിടേണ്ട
കോമള വിഗ്രഹ മന്നു ത്രിയാമത്തിൽ
ഗോമൂത്രത്താലെ തളിയ്ക്കപ്പെട്ടു.
ഈ വിധം ഭൂവിലെ സർവ്വേശ നന്ദനൻ
ഭിക്ഷു കുമാരനെപ്പോലെ വാണു.

# "നേത്രദാനം"

## മഹത് യജ്ഞം

(ജേക്കബ് ഉമ്മൻ, യുവജന പ്രസ്ഥാനം ഭദ്രാസന സെക്രട്ടറി)

ഏററവും ലളിതമായ മാർഗ്ഗത്തിലൂടെ നമ്മുടെ സഹജീവികൾക്ക് വലിയ സഹായം ചെയ്യുവാൻ കഴിയുന്നതാണ് ''നേത്രദാനം''. നേത്രദാനത്തെക്കുറിച്ച് ശരിയായ ധാരണ ഇല്ലാത്തതു മൂലവും തെററിദ്ധാരണകൾ ധാരാളമായി ഉള്ളതുകൊണ്ടും നേത്രദാനത്തിനു തയാറാകുന്നവരുടെ എണ്ണം വളരെ കുറവാണ്. ഈ സത്യം മനസിലാക്കി നേത്രദാനത്തിൻെറ പ്രാധാന്യം എല്ലവരെയും ബോധ്യപ്പെടുത്തുവാൻ ഭദ്രാസന യുവജന പ്രസ്ഥാനം ഈ വർഷം 'നേത്രദാനബോധവൽക്കരണ വർഷമായി' ആചരിക്കുന്നു.

ലോകത്തുള്ള അന്ധരിൽ മൂന്നിലൊന്നു ഭാഗം ഭാരതത്തിലാണ്. ഏകദേശം 120 ലക്ഷം പേർ പൂർണ്ണമായും അന്ധത ബാധിച്ചവരാണ്. 80 ലക്ഷത്തോളം പേർ ഭാഗീകമായി അന്ധത ബാധിച്ചവരാണ്. നേത്ര പടല അന്ധത ബാധിച്ചവർ ഉദ്ദേശം 30 ലക്ഷം പേരുണ്ട്. നേത്ര പടലം മാററിവയ്ക്കൽ അഥവാ CORNEAL TRANSPLANTATION എന്ന ശസ്ത്ര ക്രിയ മൂലം ഇക്കൂട്ടർക്ക് അന്ധത മാററുന്നതിനു സാധിക്കും. ഇതിനാവശ്യം മരണം സംഭവിച്ച് നാലു മണിക്കൂറുകൾക്കുള്ളിൽ മൃതദേഹത്തിൽ നിന്നും എടുത്തു മാററി സൂക്ഷിക്കുന്ന നേത്രഗോളങ്ങൾ മാത്രമാണ്.

### നേത്രപടലം

നേത്ര ഗോളത്തിൻെറ മുൻഭാഗത്തുള്ള സുതാര്യമായ സ്ഫടികം പോലുള്ള നേത്ര പടലത്തിൽ (CORNEA) വെളുത്ത പാടുകൾ വീഴുന്നതു മൂലമാണ് നേത്ര പടല അന്ധത ഉണ്ടാകുന്നത്. ശസ്ത്രക്രിയയിലൂടെ പുതിയൊരു നേത്ര പടലം തുന്നിച്ചേർത്താൽ ഇതു പരിഹരിക്കാവുന്നതാണ്. ഇതിലേക്കാണ് നാം നേത്രങ്ങൾ ദാനമായി കൊടുക്കുന്നതു്. ദാനമായി ലഭിക്കുന്ന കണ്ണുകൾ മരണത്തിനു ശേഷം കഴിയുന്നതും നാലുമണിക്കൂറുകൾക്കകം എടുത്തുമാററി കുപ്പികളിലാക്കി ശീതികരണികളിൽ സൂക്ഷിച്ച് ആവശ്യാനുസരണം ഉപയോഗിക്കത്തക്ക രീതിയിൽ സൂക്ഷിക്കുന്ന സ്ഥലത്തെ നേത്ര ബാങ്ക് (EYE BANK) എന്നു പറയുന്നു. നേത്രബാങ്കുകളിൽ സൂക്ഷിക്കപ്പെടുന്ന കണ്ണുകൾ 48 മണിക്കൂറുകൾക്കകം ഉപയോഗിക്കുന്നതാണ് ഉത്തമമെങ്കിലും മാസങ്ങൾ കഴിഞ്ഞാലും ഇവ ചിലതരം ശസ്ത്ര ക്രിയക്കു് ഉപയോഗിക്കാവുന്നതാണ്. അന്ധവിശ്വാസവും വൈകാരികവുമായ കാഴ്ചപ്പാടുമാണ് നേത്രദാനത്തിൻെറ കാര്യത്തിൽ നമ്മുടെ നാട്ടിൽ പ്രതിബന്ധമായ ഘടകങ്ങൾ.



### നേത്രദാനം

ജീവിച്ചിരിക്കുമ്പോൾ നേത്രദാനത്തിനു സമ്മതമെഴുതിത്തരുന്നതു കൊണ്ടുമാത്രം നേത്രദാനം പ്രാവർത്തികമാകുന്നില്ല. മരണശേഷം അവ എടുക്കുവാൻ സഹായകമായ വിധത്തിൽ ബന്ധു ജനങ്ങൾ സഹകരിക്കുന്നതിലൂടെ മാത്രമേ നേത്രദാനം പ്രാവർത്തികമാകുന്നുള്ളു. അതിനാൽ സ്വന്തം സമ്മതത്തേക്കാളുപരി ബന്ധു ജനങ്ങളുടെ സഹകരണമാണ് വേണ്ടത്. മരണം സംഭവിച്ചു കഴിഞ്ഞാലുടൻ തന്നെ ബന്ധുജനങ്ങൾ അടുത്തുള്ള നേത്ര ബാങ്കുമായി ബന്ധപ്പെട്ട് നേത്രദാതാവിൻെറ ആഗ്രഹം സാധിത പ്രാപ്തിയിലാക്കേണ്ടതുണ്ട്. മരണാനന്തരം സമയം ഒട്ടും നഷ്ടപ്പെടുത്താതെ നേത്രരോഗ വിദഗ്ധനെ കൂട്ടിക്കൊണ്ടുവന്ന് നേത്രങ്ങൾ എടുപ്പിക്കേണ്ടതാണ്. ബന്ധുജനങ്ങളുടെ സമയാനുസൃതധീരതയും പ്രവർത്തനവും കൊണ്ടുമാത്രമേ നേത്രദാന പ്രക്രിയ സഫലീകൃതമാകയുള്ളു. ഈ മുഖ്യമായ കർമ്മത്തിലേക്കു് ബഹുജനങ്ങളുടെ ശ്രദ്ധ പതിഞ്ഞു കാണുവാൻ ഭദ്രാസനത്തിലുടനീളം യുവജനങ്ങൾ കർമ്മ നിരതരായി രംഗത്തിറങ്ങി കഴിഞ്ഞു. നേത്രദാനത്തെപ്പററിയുള്ള ലഘുലേഖയും നേത്രദാനസമ്മത പത്രവും യുവജന പ്രവർത്തകർ വശമുണ്ട്. ഒപ്പിട്ട സമ്മത പത്രം തിരികെ ഏല്പിച്ചു കഴിഞ്ഞ് നേത്ര ബാങ്കിൽ രജിസ്റ്റർ ചെയ്ത ശേഷം ദാതാവിനുള്ള സർട്ടിഫിക്കററ് തിരികെ എത്തിക്കുന്നതായിരിക്കും.

മരണം സംഭവിച്ചുകഴിഞ്ഞാൽ ഉടൻ തന്നെ ബന്ധുക്കൾ ഏററവും അടുത്തുള്ള ജില്ലാ ആശുപത്രിയിലോ മെഡിക്കൽ കോളേജിലോ ഫോൺ ചെയ്തു പറഞ്ഞാൽ ഹോസ്പിററൽ ആംബുലൻസിൽ ഡോക്ടർ സ്ഥലത്തെത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊള്ളും. ശസ്ത്രക്രിയക്കുശേഷം മുഖത്തു് യാതൊരു വൈരൂപ്യവും അനുഭവപ്പെടാത്ത രീതിയിൽ ശസ്ത്രക്രിയ കൈകാര്യം ചെയ്യുന്നതാണ്. സാമ്പത്തിക സഹായമാവശ്യമുള്ളവർക്ക് ലഭ്യമാക്കുവാനും അധികൃതർ തയ്യാറാണ്. നേത്രദാതാവിൻെറ ബന്ധുക്കളുടെ ആവശ്യ പ്രകാരം ഒരു പ്രത്യേക വ്യക്തിക്കു് ദാനം ചെയ്ത കണ്ണ് പ്രയോജനപ്പെടുത്തുവാനും ബുദ്ധിമുട്ടില്ല.

### കണ്ണുകൾ ജീവിക്കുന്നു

നമ്മുടെ വിലമതിക്കാനാവാത്ത രണ്ടു കണ്ണുകളും മരണത്തോടു കൂടി എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകാതെ വീണ്ടും സജീവമായിരിക്കുവാൻ നാം അനുവദിക്കേണ്ടതു് ആവശ്യമല്ലേ ? ഒപ്പം അന്ധനായ ഒരാൾക്ക് ആ കണ്ണുകൾ കാഴ്ച നൽകുവാൻ ഉപകരിക്കുമെങ്കിൽ പ്രത്യേക നഷ്ടമൊന്നുമില്ലാതെ നമുക്കു ചെയ്യുവാൻ കഴിയുന്ന ഒരു വലിയ സേവനമല്ലേ.

അതുകൊണ്ട് യുവജന പ്രസ്ഥാനത്തിൻെറ ഈ വലിയ സംരംഭത്തിൽ പങ്കാളികളാകുവാനും മററുള്ളവരെ പ്രേരിപ്പിക്കുവാനും സദയം സഹകരിക്കുവാൻ ശ്രമിക്കണമെ!

''ദാനം അമൂല്യമാണ്-
നേത്ര ദാനം അതുല്യവും''
''നേത്ര ദാനം മഹാദാനം''

# പരിശുദ്ധാത്മാവില്ലാതെ സഭയില്ല – (III)

(തുടർച്ച)

—മാത്യു സഖറിയാ, ചെമ്പകമഠം

കൃപാ വരങ്ങൾ ഒന്നും തന്നെ വ്യക്തികൾക്കായി നൽകപ്പെടുന്നതല്ല. സമൂഹമാകുന്ന ഭവനത്തിന്റെ കെട്ടുപണിക്കായി 'ലഭിക്കുന്ന വരങ്ങൾ' ഉപയോഗിക്കപ്പെടേണ്ടതാണ്. ആത്മാവിന്റെ വരങ്ങളിൽ ഏററവും ശ്രേഷ്ടമായ വരം സ്നേഹമാണെന്നു വി: പൗലോസ് പറയുന്നു. സ്നേഹത്തിന്റെ അനുഭവമുണ്ട് എങ്കിൽ സഭയിൽ പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നു എന്നു പറയാം.

**ക്രിസ്തീയ സഭയുടെ മുഖ്യ സ്വഭാവങ്ങളിൽ ഒന്നാണ് അതിൽ നിലനില്ക്കുന്ന സ്നേഹമെന്ന പരിശുദ്ധാത്മനൽവരം**

'ഞാൻതന്നെ വഴിയും സത്യവും ജീവനും ആകുന്നു' എന്നു കർത്താവ് പ്രസ്താവിച്ചതിൽ സഭ വിശ്വസിക്കുന്നു. ലോകത്തിനു മുഴുവനും വേണ്ടിയാണ് സഭ പരിശുദ്ധാത്മാവിന്റെ ആലയമാകുന്നത് (എഫേ. 2:22) സഭയ്ക്കുള്ളിലും പുറത്തും ആത്മാവു പ്രവർത്തിക്കുന്നു.

## ശരീരമായ സഭ

സഭയുടെ സ്വഭാവം വ്യക്തമാക്കാൻ പല ചിത്രീകരണങ്ങൾ നടത്തിയിട്ടുള്ളതിൽ ഏററവും പ്രധാനപ്പെട്ടതു് 'ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ചിത്രമാണ് (എഫേ 1:23) പൗലോസ് ശ്ലീഹാ ക്രിസ്തുവിന്റെ ശരീരമാണു സഭയെന്നും ക്രിസ്തു ഈ ശരീരത്തിന്റെ തലയാണ്, നാമെല്ലാവരും ഈ ശരീരത്തിലെ അവയവങ്ങൾ ആണ് എന്നും പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവിലൂടെ ക്രിസ്തുവിന്റെ ജീവൻ ഈ ശരീരത്തിൽ നിറഞ്ഞു നില്ക്കുന്നു. തലയാകുന്ന ക്രിസ്തുവിനോടു ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ അവയവങ്ങൾ പരസ്പരം ബന്ധപ്പെടുകയും, സ്നേഹിക്കുകയും, കരുതുകയും ചെയ്യുന്നു. ഇപ്പോൾ ജീവിച്ചിരിക്കുന്ന കുറെ ആളുകൾ മാത്രമല്ല ഈ ശരീരത്തിലെ അംഗങ്ങൾ, പിന്നെയോ ക്രിസ്തു എന്നും ജീവിച്ചിരിക്കുന്നവനായതുകൊണ്ട് ലോകാരംഭം മുതൽ അവനിൽ വിശ്വസിച്ച് ഇന്നും സജീവരായി നിലകൊള്ളുന്ന സാക്ഷികളുടെ ഒരു വലിയ സമൂഹം' നമ്മോടൊപ്പം സഭയിലുണ്ട്.

**പ്രാർത്ഥനയാണു ഈ ശരീരത്തിലെ ജീവസന്ധാരണവായു. സമസ്തലോകത്തിന്റെയും രക്ഷയ്ക്കായി സഭ പ്രാർത്ഥിക്കുന്നു.**

മാമോദീസ സ്വീകരിക്കയും കർത്താവിന്റെ തിരു ശരീര രക്തങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുള്ള വിഭാഗത്തെ ക്രിസ്തുവിന്റെ ശരീരമായ



പുസ്തകത്താളുകൾ

# ദാമ്പത്യം ബന്ധം ബന്ധനം

—ഡോ. പി. എം. മാത്യു വെല്ലൂർ.

## രാക്ഷസന്റെ കട്ടിൽ

ഇതു് ഗ്രീക്കു പുരാണ കഥയാണ്. ഒരിടത്ത് പ്രോക്രേററ്സ് എന്നൊരു രാക്ഷസനുണ്ടായിരുന്നു. വഴിപോക്കരെ ആദരിച്ച് വീട്ടിലേക്ക് ആനയിക്കും. അത്താഴത്തിനു ശേഷം അതിഥികൾക്കുള്ള പ്രത്യേക കട്ടിലിൽ കിടത്തും. ആ കട്ടിലിനേക്കാൾ അതിഥിക്കു നീളമുണ്ടെങ്കിൽ അതിഥിയുടെ കാലോ തലയോ മുറിച്ചുകളഞ്ഞ് അളവൊപ്പിക്കും.

കട്ടിലിനേക്കാൾ നീളം കുറവാണെങ്കിൽ അയാളെ വലിച്ചു നീട്ടി കട്ടിലിന്റെ നീളത്തോടൊപ്പമാക്കും. ഏതു വിധത്തിലായാലും അതിഥികൾ അന്ന് അംഗഭംഗമുള്ളവരായിത്തീരും. അല്ലെങ്കിൽ മരിച്ചിരിക്കും. ഇതുപോലെയാണു മിക്ക ദമ്പതികളും.

നമുക്ക് ഓരോരുത്തർക്കും നമ്മുടെ ജീവിത പങ്കാളിയെപ്പററി മാതൃകാ ഭാര്യയുടെയും മാതൃകാ ഭർത്താവിന്റെയും ചിത്രം മനസ്സിലുണ്ടായിരിക്കും. സ്വന്തം അച്ഛനമ്മമാരുടെയോ, ബന്ധു ജനങ്ങളുടെയോ വായിച്ച പുസ്തകങ്ങളിലെ നായികാ നായകന്മാരുടെയോ സാങ്കല്പിക പ്രശ്നങ്ങളുടെയോ, സ്വാധീന വലയത്തിലൂടെ മാതൃകാ ഭർത്താവും ഭാര്യയും ഉള്ളിൽ ഊറിക്കൂടും. ഈ മാതൃക, പങ്കാളിയിൽ കണ്ടെത്താനാവില്ല. കാരണം, അവർ വ്യത്യസ്ത മാതാപിതാക്കളിൽ ജനിച്ച് വ്യത്യസ്തമായ അന്തരീക്ഷത്തിൽ വളർന്നു് വികസിച്ച വ്യക്തിത്വമുള്ളവരാണ്.

സ്വന്തം മനസ്സിലിരിക്കുന്ന മാതൃകാ കട്ടിലിൽ കിടത്തി തല

സഭ എന്നുവിളിക്കുന്നു. സകല മനുഷ്യരാശിയേയും യേശുക്രിസ്തുവിന്റെ ശരീരമായ സഭയിൽ ഉൾക്കൊള്ളുന്നു.

(1 തിമോ2:1-4കാണുക) പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലുള്ള പ്രത്യാശ മൂലം സകല മനുഷ്യവർഗ്ഗത്തേയും ക്രിസ്തുവിന്റെ ശരീരമായി നാം കാണുന്നു.

(അവസാനിച്ചു)

യോ, കാലോ മുറിക്കുവാനുള്ള ശ്രമമാണ് പരാതിയിലൂടെ, പരുഷവാക്കിലൂടെ, മർദ്ദനത്തിലൂടെ ഭാര്യഭർത്താക്കന്മാർ നടത്തുന്നത്. അവൻ-അവൾ-നിങ്ങളുടെ മനസ്സ് കരുപ്പിടിപ്പിച്ച മാതൃകാ കട്ടിലിൽ സമം സമം ചേർന്നിരിക്കില്ല. വലിച്ചു നീട്ടുവാനും മുറിച്ചുകളയുവാനും ശ്രമിക്കാതെ അവരെ അവരായി കാണുക. അവരെ കണ്ടെത്തുക. ഭാര്യയ്ക്ക് ഭർത്താവ് ആഗ്രഹിക്കുന്ന രീതിയിൽ ആയിത്തീരാൻ വയ്യ. പകരം സ്വയം പൊരുത്തപ്പെടാൻ തന്നിൽത്തന്നെ മാറ്റമുണ്ടാക്കുക.

പലപ്പോഴും നിങ്ങൾ അന്യരെ കാണുമ്പോൾ അവരിൽ നിങ്ങൾ നിങ്ങളെയാണ് കാണുന്നത് എന്ന വസ്തുത ഓർക്കാറില്ല. നിങ്ങളുടെ മനസ്സിലിരിക്കുന്ന ആശയങ്ങളും സങ്കൽപങ്ങളും അവരിൽ ആരോപിക്കും. അതനുസരിച്ച് അവർ പ്രതികരിക്കുന്നുണ്ടോ എന്നു നോക്കും. ഇല്ലാതെ വരുമ്പോൾ നിങ്ങൾ പ്രതിഷേധിക്കും.

(പേജ് 22–23)

## അംഗീകരിക്കണം

ഭാര്യാ ഭത്താക്കന്മാർ അന്യോന്യം അംഗീകരിക്കണം. അന്യോന്യം വേണ്ടപ്പെട്ടവരാണെന്നും വിശ്വസ്തത പുലർത്താൻ യോഗ്യരാണെന്നും ഉള്ള മനോഭാവം ഉണ്ടായിരിക്കുവാൻ ബോധപൂർവ്വം ശ്രമിക്കണം. കുറ്റം പറയാതെ സഹിഷ്ണുതയോടെ വീക്ഷിക്കുവാൻ കഴിഞ്ഞാൽത്തന്നെ പകുതി ജയിച്ചു. വെറും തമാശയാണെന്ന് പറഞ്ഞ് മറ്റു പുരുഷന്മാരുടെ മുമ്പിൽവച്ച് ഭാര്യയെ കളിയാക്കി രസിക്കുന്ന ഭത്താക്കന്മാരുണ്ട്.

അവർ ധരിക്കും ഇതു തമാശയല്ലെ എന്ന്. അവൾ മറക്കുമോ? ഇല്ല. അന്യരുടെ, മുമ്പിൽ വച്ച് ഭർത്താവിനാൽ അപമാനിതയായ ഒരു സ്ത്രീയും അതു പെട്ടെന്ന് ക്ഷമിക്കാനാവില്ല. അന്യർ കേൾക്കെ ഭാര്യയ്ക്കു ഭർത്താവിൽ നിന്ന് അഭിനന്ദനം ലഭിക്കുമ്പോൾ അവൾ എന്നെന്നും കടപ്പെട്ടവളായിരിക്കും. അന്യരുടെ മുമ്പിൽ വച്ച് അപമാനിതയായാൽ സങ്കടം വരും. ഭത്താവു ക്രൂരനാണെങ്കിൽ അവളുടെ ഭാവം പുഞ്ചപുച്ഛം.

(പേജ് 47)

## സ്നേഹം

നിങ്ങൾക്ക് എന്നോട് സ്നേഹമുണ്ടോ? ദമ്പതികൾ പരസ്പരം ചോദിക്കുന്ന ഒരു സാധാരണ ചോദ്യമാണിത്.

ഉത്തരമോ, നേരിട്ടു പറയുകയില്ല.

'ഞാൻ പിന്നെ എന്തോന്നിനാ ഇത്ര കഷ്ടപ്പെട്ട് നിന്നെയും പിള്ളേരെയും സംരക്ഷിക്കുന്നത്?'

'പക്ഷെ, ഒരു കാര്യം തീർച്ച ഞാൻ സ്നേഹിക്കുന്നതു പോലെ നിങ്ങൾ എന്നെ സ്നേഹിക്കാറില്ല.'

നിങ്ങൾക്ക് എന്നോട് സ്നേഹമുണ്ടോ എന്നു ചോദിക്കുന്നവർ സ്വയം ചോദിച്ചു നോക്കണം.

നിങ്ങൾക്കു മറ്റുള്ളവരോടു സ്നേഹമുണ്ടോ?

നിങ്ങൾ സ്നേഹം പ്രകടിപ്പിക്കാറുണ്ടോ?

നിങ്ങൾ ആഗ്രഹിക്കുന്നതു പോലെ നിങ്ങൾക്കും സ്നേഹിക്കപ്പെടുവാനുള്ള അർഹതയുണ്ടോ? സവിശേഷത ഉണ്ടോ?

(പേജ് 91)

ഡി. സി. ബുക്സ്, കോട്ടയം 1995 വില. 70 രൂപ



കവിത

## വചനം ജഡമായി

–സാബു ഓലപ്പുറത്ത്

അമ്മാനുവേൽ ജാതനായി
പുൽക്കൂടതിൽ ജാതനായി
മർത്ത്യപാപം പേറിടുവാൻ
ദൈവസുതൻ ജാതനായി

ആദ്യജാതൻ ചെയ്തപാപം
തീർത്തിടുവാൻ ദൈവസുതൻ
നരനായി ജനിച്ചു
പാപം പോക്കി

ഇന്നേക സുതൻ ജാതനായി
മാലോകരേ സന്തോഷിപ്പിൻ
ആനന്ദിപ്പിൻ, ആർപ്പിടുവിൻ
യേശുനാഥൻ ജാതനായി

ആട്ടിടയർ ആർത്തുപാടി
മാലാഖമാർ സ്തുതികൾപാടി
അത്യുന്നതനിൽ ദൈവമഹത്വം
മനുജകുലത്തിൽ ദൈവപ്രസാദം

ഹാലേലുയ്യാ ഹാലേലുയ്യാ
ഹാലേലുയ്യാ ഹാലേലുയ്യാ
യേശുനാഥൻ
ജാതനായി

x x x

## വചനമാധുരി

വിശ്വാസ പൈതൃകം ഉൾക്കൊണ്ട് ഭാരത സംസ്കാരത്തിലും തനിമയിലും ആരാധന, സംവിധാനം ചെയ്യണം.

ഡോ. മാത്യൂസ് മാർ സേവേറിയോസ്
(25 നവംബർ, പഴയ സെമിനാരി പ്രസംഗം)

ഭാരതീയ സഭയായി മലങ്കരസഭ വളർന്നെങ്കിലും ഭാരതത്തിൽ ഇതുവരെ ഒരു ചലനവും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഗീവറുഗീസ് മാർ ഈവാനിയോസ്
(25 നവംബർ, പഴയ സെമിനാരി പ്രസംഗം)

# കാഴ്ചയർപ്പിച്ച മ്ഗുശേന്മാർ

വർഗീസ് ജോൺ തോട്ടപ്പുഴ

ഉണ്ണിയേശുവിനെ നമസ്കരിക്കാൻ പുറപ്പെട്ട ജ്ഞാനികൾ എത്ര പേരുണ്ടായിരുന്നു ? അവരുടെ പേരെന്തായിരുന്നു ? ഈ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ബൈബിൾ തരുന്നില്ല.

## എത്രപേർ ?

അവർ കുറഞ്ഞത് മൂന്നുപേരുണ്ടായിരുന്നുവെന്നാണ് പാശ്ചാത്യദേശത്തെ ചിന്താഗതി. സ്വർണം, കുന്തിരിക്കം, മീറ, എന്നീ സമ്മാനങ്ങൾ അവർ കൊണ്ടുവന്നതായി സുവിശേഷകൻ പറയുന്നതിനെ അടിസ്ഥാനമാക്കി അവർ മൂന്നുപേരായിരുന്നുവെന്ന് ആദ്യമായി പറഞ്ഞത് ഓറിഗനാണ്. പാശ്ചാത്യദേശത്ത് ഈ അഭിപ്രായത്തിന് കൂടുതൽ പ്രചാരം ലഭിച്ചു. അതേസമയം പൗരസ്ത്യ ദേശത്ത് പ്രചരിച്ചിരുന്ന കഥകളിൽ ജ്ഞാനികൾ 12 പേരുണ്ടായിരുന്നുവെന്ന് പറയുന്നു. അവരുടെ സംഖ്യ രണ്ട്, മൂന്ന്, നാല്, എട്ട് ഇങ്ങനെ പലവിധത്തിൽ കലാരൂപങ്ങളിൽ ചിത്രീകരിക്കാറുണ്ട്.

## ആരെല്ലാം?

ഇവരുടെ പേരിനെപ്പററിയും വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളത്. ഗാസ്പർ (കാസ്പർ), മെൽക്കിയോർ, ബൽത്താസർ എന്നീ പേരുകളാണ്, പാശ്ചാത്യ പാരമ്പര്യത്തിൽ ഇവർക്ക് നൽകിയിരിക്കുന്നത്. ഈ പേരുകൾക്ക് എട്ടാം നൂററാണ്ടുമുതൽ പ്രചാരം ലഭിച്ചു. ഇവർ യഥാക്രമം ഇന്ത്യ, പേർഷ്യ, അറേബ്യ എന്നിവിടങ്ങളിലെ രാജാക്കന്മാരായിരുന്നുവത്രെ. ഇവരെ ജ്യോതിഷരായും മേജികളായും വാനശാസ്ത്രജ്ഞരായും രാജകുമാരന്മാരായും മററും വിശേഷിപ്പിക്കാറുണ്ട്. ഇവരെക്കൂടാതെ നാലാമതൊരു ജ്ഞാനിയെക്കുറിച്ചും കഥകൾ പ്രചരിച്ചിട്ടുണ്ട്. മൂന്നു രത്നങ്ങളുമായി പുറപ്പെട്ട് യഥാസമയം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ കഴിയാതെപോയ ഈ ജ്ഞാനിയുടെ പേര് 'അർത്തബാൻ' എന്നും 'കോരേദാൻ' എന്നും രണ്ടു വിധത്തിൽ കാണുന്നു.

## സുറിയാനി പാരമ്പര്യത്തിൽ

സുറിയാനി സഭാ പാരമ്പര്യത്തിൽ പോറേസിലെ 12 രാജകുമാരന്മാരുടെ പേരുകൾ കാണാം. സഹദൂനാദ്, ഹോദാംസാർ, ശാസ്ത്രതാർപ്പ്, അർത്തഹശിശ്ര, അശ്രുക്ക്, മാദ്രനിർ, ആറുഹാദ്, അശ്രുബാറോൺ, മഹോറോൺ, ആഹീശിറാശ്, സർഭാനാഹ്, മാദദാഖ് എന്നിങ്ങനെയാണ് അവർക്കു നൽകുന്ന പേരുകൾ. ലർവാൻദാദ്, ഹർമിസ്ദാസ്, ഗുഷ്നാസാഫ് എന്നീ പേരുകളിലും ഇവരെ വിശേഷിപ്പിക്കാറുണ്ട്.





## എവിടെ നിന്ന് ?

ഇവർ കിഴക്കുനിന്നു വന്നവരാണെന്നു മാത്രമേ വി. മത്തായി പറയുന്നുള്ളൂ. ഇതു മെസപ്പൊട്ടോമിയായോ പേർഷ്യയോ ആവാം. എന്നാൽ ഇവർ സമർപ്പിച്ച സമ്മാനങ്ങൾ തെക്കൻ അറേബ്യയെയാണ് സൂചിപ്പിക്കുന്നത്. ബാബിലോൺ, പേർഷ്യ, അറേബ്യ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ളവരാണ് ജ്ഞാനികളെന്ന് മിക്ക വേദശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെടുന്നു. സെൻറ് ബീഡിൻെറ അഭിപ്രായത്തിൽ ഇവർ യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളുടെ പ്രതിനിധികളാണ്. നോഹിൻെറ പുത്രന്മാരായ ശേം, ഹാം, ജാഫേത്ത് എന്നിവരുടെ വംശപാരമ്പര്യത്തിൽപ്പെട്ടവരാണ് ഇവരെന്നും അതുകൊണ്ട് ഇവർ മാനവജാതിയെ മുഴുവൻ പ്രതിനിധീകരിക്കുന്നുവെന്നും പിൽക്കാല വ്യാഖ്യാനങ്ങൾ അഭിപ്രായപ്പെടുന്നുണ്ട്. മൂന്നു സമ്മാനങ്ങൾ യേശുക്രിസ്തുവിൻെറ രാജത്വം, പൗരോഹിത്യം, പ്രവാചകത്വം എന്നിവയെ കുറിക്കുന്നു.

## പിറവംകാരനോ ?

ജ്ഞാനികളിലൊരാളായ കാസ്പർ, ഇന്ത്യയിലെ ഗോണ്ടഫോറസ് രാജാവായിരുന്നുവെന്ന് ആധുനിക ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

പിറവംകാരനായ ഒരു ജ്യോതിഷനായിരുന്നുവെന്ന് മററൊരു അഭിപ്രായമുണ്ട്. പിറവം (യാക്കോബായ) വലിയ പള്ളിയിലെയും പി. രാജാക്കളുടെ (കത്തോലിക്കാ) ചെറിയ പള്ളിയിലെയും ജനുവരി ആറാം തീയതിയിലെ പെരുന്നാൾ വിദ്വാന്മാരെ സ്മരിച്ചു കൊണ്ടുള്ളതാണ്.

മദ്ധ്യകാലഘട്ടത്തിൽ ജ്ഞാനികളെ വിശുദ്ധരായി വണങ്ങാൻ തുടങ്ങി. ജർമ്മനിയിലെ കോളോൺ കത്തീഡ്രലിൽ മൂന്നു വിശുദ്ധ രാജാക്കന്മാരുടെ തിരുശേഷിപ്പ് സൂക്ഷിക്കുന്നതായി അവകാശപ്പെടുന്നു. ഈ തിരുശേഷിപ്പുകളുടെ ആധികാരികത സംശയരഹിതമായി തെളിയിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

സഞ്ചാരികളുടെ മദ്ധ്യസ്ഥരായി പരിഗണിക്കപ്പെടുന്ന ജ്ഞാനികളുടെ തിരുനാൾ പാശ്ചാത്യദേശത്ത് ജൂലൈ 23 ന് കൊണ്ടാടുന്നു.

## സംഭാവന നൽകി

ശുദ്ധമായ വെള്ളോടിൽ നിർമ്മിച്ചതും 150 കിലോഗ്രാം തൂക്കം ഉള്ളതും 7½ അടി ഉയരവും 36000 രൂപാ വിലയുള്ളതും ആധുനിക കൊത്തുപണികൾ ഉള്ളതുമായ നിലവിളക്ക് താഴേത്തോപ്പിൽ ശ്രീ. ററി. വി. തോമസും, തേക്കിൻതടിയിൽ കടഞ്ഞെടുത്തതും 25000 രൂപാവിലയുള്ളതുമായ സിംഹാസന കസേര പീടികയിൽ പെരുമരം നിൽക്കുന്നതിൽ പി. എം. വർഗീസും സഹോദരന്മാരും മെഴുവേലി വലിയപള്ളിക്ക് സംഭാവന നൽകി.

# ക്രിസ്തുമസ്

*– സജി അമയിൽ, മാരാമൺ*

ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ ക്രിസ്തുമസ് ആഘോഷം എ. ഡി. 336 (റോമൻ കലണ്ടർ അനുസരിച്ച്) ഡിസംബർ 25–നാണ് നടന്നത്. അക്കാലയളവിൽ പ്രബലമായിരുന്ന വിജാതീയ ആഘോഷങ്ങളോട് വളരെ സാമ്യം ആദ്യത്തെ ക്രിസ്തുമസ് ആഘോഷത്തിന് ഉണ്ടായിരുന്നു.

## ആഘോഷങ്ങൾ

പുരാതന റോമിൽ നിലവിലുണ്ടായിരുന്ന രണ്ട് പ്രധാനപ്പെട്ട ആഘോഷങ്ങൾ ആയിരുന്നു വിളവ് എടുപ്പിന്റെ ദേവനായിരുന്ന സാന്ത്രോസിന്റെയും വെളിച്ചത്തിന്റെ ദേവനായിരുന്ന മിത്രാനിന്റെയും പേരിലുള്ള ആഘോഷങ്ങൾ. ഡിസംബർ മാസത്തിന്റെ മദ്ധ്യത്തിൽ വിളവ് എടുപ്പിന്റെ ആഘോഷങ്ങൾ ഉത്തര യൂറോപ്പിലെ ആൾക്കാർ വളരെ ആഘോഷപൂർവ്വം കൊണ്ടാടിയിരുന്നു. ഈ അവസരത്തിൽ ജനങ്ങൾ വിശേഷാൽ ഭക്ഷണം ഉണ്ടാക്കുകയും, വീടുകൾ അലങ്കരിക്കുകയും, പരസ്പരം സമ്മാനങ്ങൾ കൈമാറുകയും ചെയ്തിരുന്നു. ക്രമേണ ഈ ചടങ്ങുകൾ എല്ലാം ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായിത്തീർന്നു.

എ. ഡി. 300 കാലയളവിൽ ക്രിസ്തുമതം റോമിലെ ഔദ്യോഗിക മതം ആയി. തൻമൂലം ക്രിസ്തുമസ് ആഘോഷങ്ങളുടെ പ്രസക്തി വർദ്ധിച്ചു. എ. ഡി 1100 കാലയളവിൽ യൂറോപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ആഘോഷമായി ക്രിസ്തുമസ് മാറി. എ. ഡി. 1500 ലെ നവീകരണ കാലഘട്ടം വരെ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് വലിയ സ്വാധീനം ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നു. എന്നാൽ നവീകരണ സിദ്ധാന്തങ്ങളുടെ അടിയൊഴുക്കുകൾ ക്രിസ്തുമസിനെ ജാതികളുടെ ആഘോഷമായി മനസ്സിലാക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഈ ചിന്താധാര ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും ക്രിസ്തുമസ് ആഘോഷങ്ങൾക്ക് വളരെ മങ്ങൽ ഏൽപ്പിച്ചു. എന്നാലും ക്രിസ്തുമസ് ആഘോഷങ്ങൾ വളരെ ഭംഗിയായി മറ്റു പല രാജ്യങ്ങളിലും ആഘോഷിച്ച് വന്നിരുന്നു. 16-ാം നൂറ്റാണ്ടിൽ ജസ്റ്റിനിയൻ ക്രിസ്തുമസ് ദിവസം പൊതു അവധി ആയി പ്രഖ്യാപിച്ചു.

## ക്രിസ്തുമസ് ഫാദർ

ക്രിസ്തുമസിനെ പറ്റി ചിന്തിക്കുമ്പോൾ ആദ്യം മനസ്സിൽ ഓടിയെത്തുന്ന കഥാപാത്രം ആണ് സാന്താക്ലോസ് അപ്പൂപ്പൻ. സാന്റോക്ലോസിനെപ്പറ്റിയുള്ള ചിന്തകൾ ഉണ്ടായത് സെന്റ് നിക്കോളോ





വോസ് എന്ന വ്യക്തിയിൽ നിന്നാണ്. യൂറോപ്യൻ രാജ്യങ്ങളിൽ ഇദ്ദേഹത്തെ 'കുട്ടികളുടെ കാവൽ പിതാവായി' ഗണിച്ചിരുന്നു. സമ്മാനങ്ങൾ നൽകിയും, സഹായം നൽകിയും കുട്ടികളെ സന്തോഷിപ്പിച്ചിരുന്ന പരിശുദ്ധൻ ആയിട്ടാണ് നിക്കൊളോവോസ് അറിയപ്പെടുന്നത്. പാശ്ചാത്യ ലോകത്തിൽ നിക്കൊളോവോസിനു പകരം സാന്റോ ക്യോസിനെ ആണ് കാവൽ പിതാവായി അംഗീകരിക്കുന്നത്. ക്രിസ്തു മതം പില്ക്കാലത്ത് ഔദ്യോഗിക മതം ആയി അംഗീകരിച്ചപ്പോൾ ക്രിസ്തുമസിന്റെ അവിഭാജ്യ ഘടകം ആയി സന്റോ ക്യോസ് അപ്പൂപ്പൻ ആയിത്തീർന്നു. ആവശ്യത്തിരിക്കുന്നവരെ സഹായിക്കുന്നവനായി ചിത്രീകരിക്കുന്ന അനേകം കഥകൾ സാന്റോക്യോസിനെപ്പറ്റി പാശ്ചാത്യ ലോകത്തിൽ നിലവിലുണ്ട്.

## ക്രിസ്തുമസ് കാർഡ്

ആദ്യത്തെ ക്രിസ്തുമസ് കാർഡ് ഉണ്ടായത് 1843–ലാണ്. ജോൺ കാൾകോട്ട് ഹോർസിലി എന്ന ഇംഗ്ലീഷുകാരൻ ആണ് ഇതിന്റെ ഉപജ്ഞാതാവ്. ''Merry Christmas and a Happy New year'' എന്നതായിരുന്നു ആദ്യത്തെ ക്രിസ്തുമസ് കാർഡ് സന്ദേശം. 1860 ആയപ്പോൾ ക്രിസ്തുമസ് കാർഡുകൾ അയക്കുന്ന രീതി ബ്രിട്ടനിലും മറ്റ് പല രാജ്യങ്ങളിലും വ്യാപിച്ചു.

## അലങ്കാരങ്ങൾ

പാരമ്പര്യമായി ക്രിസ്തുമസ് അലങ്കാരങ്ങൾക്ക് ഉപയോഗിക്കുന്ന രണ്ടു നിറങ്ങളാണ് പച്ചയും, ചുവപ്പും. പച്ച പ്രതിനിധാനം ചെയ്യുന്നത് യേശുക്രിസ്തുവിലുള്ള നിത്യജീവനേയും ചുവപ്പ് പ്രതിനിധാനം ചെയ്യുന്നത് യേശു ക്രൂശിൽ ചൊരിഞ്ഞ രക്തത്തേയും ആണ്.

## ക്രിസ്തുമസ് ട്രീ

വൃക്ഷങ്ങളിൽ ചുവന്ന ആപ്പിൾ കെട്ടിത്തൂക്കി ആദാമിന്റെയും ഹവ്വായുടെയും ഏദൻ തോട്ടത്തിലെ വീഴ്ചയെ അനുസ്മരിക്കുന്നത് മദ്ധ്യ ജർമ്മനിയിൽ നിലവിൽ ഇരുന്ന ഒരു പ്രധാനപ്പെട്ട ക്രിസ്തുമസ് വിനോദം ആയിരുന്നു. അവർ ഇതിനെ പാരഡയിസ് ട്രീ (paradise tree) എന്നാണ് വിളിച്ചിരുന്നത് 1605–ൽ ക്രിസ്തുമസ് ട്രീ, ക്രിസ്തുമസ് ആഘോഷങ്ങളുടെ അവിഭാജ്യ ഘടകം ആയിത്തീർന്നു.

## കരോൾ

നൃത്തത്തോടു കൂടി സംഗീതം എന്നർത്ഥം വരുന്ന ഒരു ഫ്രഞ്ച് വാക്കിൽ നിന്നാണ് 'കരോൾ' എന്ന വാക്കിന്റെ ഉത്ഭവം. ആദിമ കാലത്ത് വർഷത്തിൽ പല പ്രാവശ്യം ആളുകൾ കരോൾ സർവ്വീസുകൾ നടത്തിയിരുന്നു. എന്നാൽ എ. ഡി. 1600-ൽ കരോളിൽ നിന്ന് നൃത്തത്തെ ഒഴിവാക്കി സംഗീതം മാത്രമാക്കി. ക്രിസ്തുമസ് കാലയളവ് കരോളിനുള്ള ഏറ്റവും നല്ല സമയമായി നിജപ്പെടുത്തി. പ്രസിദ്ധമായ കരോൾ ഗീതങ്ങൾ എല്ലാം രചിക്കപ്പെട്ടിട്ടുള്ളത് എ. ഡി. 700നും 1800നും മദ്ധ്യേയുള്ള കാലഘട്ടത്തിലാണ്. ★

## ബാലപത്രിക

—ആനിജേക്കബ് ചാരുനിൽക്കുന്നതിൽ

സ്നേഹമുള്ള കൂട്ടുകാരെ,

മഞ്ഞിൻെറയും തണുപ്പിൻെറയും സുന്ദരമായ മാസം ക്രിസ്തുമസ് ചെടികൾ വർണ്ണ ശബളമായ ഇലകൾ വിടർത്തി നിൽക്കുന്നു. ചുററുപാടും നോക്കുക. നക്ഷത്രങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്ന നിറവും ശോഭയും ക്രിസ്തുമസിൻെറ വരവിനെ വിളിച്ചറിയിക്കുന്നു.

സന്തോഷവും, സാഹോദര്യവും വിളിച്ചോതിക്കൊണ്ട് ഒരു ക്രിസ്തുമസ് കാലം കൂടി സമാഗതമാകുകയാണ്. ഈ കാലയളവിൽ ഉണ്ണിയേശുവിന് പിറക്കുവാൻ നമ്മുടെ ഹൃദയങ്ങളെ ഒരുക്കുവാൻ പാകത്തിൽ പരിശുദ്ധമായ ഇരുപത്തഞ്ചു നോമ്പിൻെറ കാലയളവാണല്ലോ ക്രിസ്തുവിനു പിറക്കുവാൻ ഒരിടം തയ്യാറാക്കുവാൻ നമുക്കു കഴിയണം.

ഒരിക്കൽ ഒരു ചെറിയ കുട്ടി ഒരു റയിൽവേ പ്ളാററ്ഫോമിൽ ഒരു കുട്ടയിൽ കുറെ ആപ്പിളുമായി നടന്ന് വിൽപ്പന നടത്തുകയായിരുന്നു. ഒരു ട്രയിൻ വന്നുനിന്നു. യാത്രക്കാരുടെ തിരക്കിൽ പെട്ട് അവൻെറ കുട്ട മറിഞ്ഞ് ആപ്പിൾ മുഴുവൻ ട്രാക്കിൽ വീണു. നിസഹായനായ കുട്ടി വാവിട്ടു കരഞ്ഞു. ഇതു കണ്ട ഒരു മനുഷ്യൻ വേഗം ട്രാക്കിൽ ചാടി ആവോളം ആപ്പിളുകൾ പെറുക്കി കുട്ടയിലിട്ടു. ട്രെയിൻ ചൂളം വിളിച്ച് മുന്നോട്ടായുമ്പോൾ അയാൾ ട്രെയിനിൻെറ അടിയിൽ പെട്ടോയെന്ന് കുട്ടി സംശയിച്ചു. പക്ഷേ ട്രെയിൻ പോയി കഴിഞ്ഞപ്പോൾ കുട്ട നിറയെ ആപ്പിളുമായി അവൻെറ മുമ്പിൽ വന്ന മനുഷ്യനോട് അവൻ ചോദിച്ചു "Are you Jesus Christ?"

അയാൾ മറുപടി പറഞ്ഞു. 'I am not Jesus Christ But I am a Christian.'

സ്നേഹമുള്ളവരെ, നമ്മുടെ പ്രവർത്തനങ്ങളിലൂടെ നാം യഥാർത്ഥ ക്രിസ്ത്യാനികളാണെന്ന് മററുള്ളവർക്ക് മനസിലാക്കുവാൻ ഉതകുന്ന ജീവിതം നയിക്കുവാൻ നമുക്കു കഴിയണം. ഈ ക്രിസ്തുമസ് ദിനങ്ങളിൽ നമുക്ക് ക്രിസ്തുമസിൻെറ സന്ദേശം ജീവിതത്തിലൂടെ കാണിക്കുവാൻ കഴിയണം. ചെറുപ്പം മുതലെ നമ്മുടെ ശീലങ്ങളും സ്വഭാവ രീതികളും ആ വിധത്തിലേക്ക് വളർത്തിയെടുക്കുവാൻ ശ്രമിക്കുക.

ഏവർക്കും ക്രിസ്തുമസ് മംഗളാശംസകൾ !!

സ്നേഹപൂർവ്വം, ആനിചേച്ചി



## ★ വാർത്തകൾ ★

### ജനുവരി 7 ഭദ്രാസന ദിനം

ചെങ്ങന്നൂർ : ഭദ്രാസന ദിനമായി ജനുവരി 7 ആചരിക്കുകയാണ് അന്നേ ദിവസം ഇടവകകളിൽ പ്രത്യേക പ്രാർത്ഥന നടത്തുകയും കവർ പിരിവ് വിജയിപ്പിക്കുകയും ചെയ്യണമെന്ന് ഇടവക മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ് കല്പനയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

### ജൂബിലി സ്മരണിക

ചെങ്ങന്നൂർ ഭദ്രാസന ദശവത്സര ആഘോഷം, ഭദ്രാസന മെത്രാപ്പോലീത്തായുടെ പൗരോഹിത്യ രജത ജൂബിലി എന്നിവയോടനുബന്ധിച്ച് 95 ജനുവരിയിൽ പ്രസിദ്ധീകരിക്കുന്ന ജൂബിലി സ്മരണികയിലേക്ക് ലേഖനങ്ങളും, കവിതകളും, കഥകളും, നിരൂപണങ്ങളും എന്നിവ ക്ഷണിച്ചുകൊള്ളുന്നു. 1996 ജനുവരി 15 ന മുമ്പായി ഫാ. മാത്യു വറുഗീസ്, ചീഫ് എഡിററർ, സെ. സ്ററീഫൻസ് കത്തീഡ്രൽ, കുടശനാട് പി.ഒ. പന്തളം എന്ന വിലാസത്തിൽ രചനകളും ലഭിച്ചിരിക്കണം.

### ഭവനദാനം

ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ പൗരോഹിത്യ രജത ജൂബിലിയുടെ ഭാഗമായി തോട്ടപ്പുഴ എം. ജി. എം. യുവജന പ്രസ്ഥാനത്തിന്റെ സഹകരണത്തോടെ തൈപ്പറമ്പിൽ ചന്ദ്രന് നിർമ്മിച്ച വീടിൻെറ താക്കോൽ ദാനം തോമസ് മാർ അത്താനാസിയോസ്മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

### ശ്രമദാനം

രജത ജൂബിലി ആഘോഷിക്കുന്ന തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് പള്ളിയുടെ പുനർ നിർമ്മാണം ആരംഭിച്ചു. ഇടവക മെത്രാപ്പോലീത്താ അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങളും ഒന്നുചേർന്ന് കായികാദ്ധ്വാനത്തിൽ കൂടി ശ്രമദാനമായിട്ടാണ് പള്ളി നിർമ്മാണം മുന്നേറുന്നത്.

### മാർ ഡയനീഷ്യസ് ട്രോഫി

തെങ്ങേലി സെ. ജോർജ് പള്ളിയിൽ നടന്ന അഖില മലങ്കര കലാമത്സരങ്ങളിൽ കാളികന്നു മാർ ഗ്രീഗോറിയോസ് ഇടവക കൂടുതൽ പോയിൻ്റുകളും നേടി മാർ ഡയനീഷ്യസ് ട്രോഫി കരസ്ഥമാക്കി. പെരുനാളിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് വികാരി ഫാ. ഫൈപ്പ് പി. സാം ട്രോഫി ഏററുവാങ്ങി.

## കുരിശിൻ സൗധം

തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് പള്ളിയുടെ രജത ജൂബിലി സ്മാരകമായി കോഴിമലയിൽ നിർമ്മിച്ച കുരിശിൻ സൗധത്തിന്റെ കൂദാശ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ഫാദർ തോമസ് തേക്കിൽ, ഫാ. ജേക്കബ് ചെറിയാൻ, ഫാ. കെ. എ. മത്തായി, ഫാ. ഐപ്പ് പി. സാം, ഡീക്കൺ ജേക്കബ് മാത്യു, റവ. എ. പി. ജേക്കബ്, ഫാ. ജേക്കബ് മണ്ണുംമ്പുറത്ത്, വികാരി ഫാ. നൈനാൻ കെ. ജോർജ് എന്നിവർ പ്രസംഗിച്ചു.

## കുരമ്പാല ചാപ്പൽ കൂദാശ

പന്തളം : കുരമ്പാല സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിവക പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചിരിക്കുന്ന കുരിശിൻ സൗധത്തോടനുബന്ധിച്ചു പണികഴിപ്പിച്ച ചാപ്പലിന്റെ കൂദാശ കോട്ടയം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

ഫാ. മാത്യു കോശി, ഫാ. എ. എം. വർഗീസ് ആലുംമൂട്ടിൽ, ട്രസ്റ്റി എം. സി. ജോർജ്, കെ. സി. മാണി എന്നിവർ പ്രസംഗിച്ചു.

## സംയുക്ത സമ്മേളനം

മുളക്കുഴ : സെന്റ് മേരീസ് പള്ളിയിലെ അദ്ധ്യാത്മീക സംഘടനകളുടെ സംയുക്ത സമ്മേളനം നടന്നു. സൺഡേസ്കൂൾ ഡയറക്ടർ ജനറൽ ഫാ. ടി. ജെ. ജോഷ്വാ ബൈബിൾ ക്ലാസ്സെടുത്തു. ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, പി. എസ്. ജോൺ എന്നിവർ പ്രസംഗിച്ചു.

## അദ്ധ്യാപക രക്ഷാകർത്തൃ സമ്മേളനം

കടശനാട് : സഭയിൽ സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ ശോഭനഭാവിക്ക് അദ്ധ്യാപക രക്ഷാകർത്താക്കളുടെ പങ്കാളിത്തം അനിവാര്യമാണെന്നു സൺഡേസ്കൂൾ ഡയറക്ടർ ജനറൽ ഫാ. ടി ജെ. ജോഷ്വാ പ്രസ്താവിച്ചു. കടശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ നടന്ന സൺഡേസ്കൂൾ അദ്ധ്യാപക രക്ഷാകർത്തൃ സമ്മേളനത്തിൽ 'ആത്മീയ പരിപോഷണത്തിന്റെ ആവശ്യകത സഭാതലത്തിലും സ്കൂൾതലത്തിലും' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വികാരി ഫാ. മാത്യു വർഗീസ് അദ്ധ്യക്ഷത വഹിച്ചു. സൺണ്ടേസ്കൂൾ ഭദ്രാസന ഡയറക്ടർ റ്റി. ഇ. ജോസഫ്, പ്രൊഫ. ജോൺ മാത്യു, വർഗീസ് കുര്യൻ, കുര്യൻ ജോർജ്, ബെന്നി സാം എന്നിവർ പ്രസംഗിച്ചു. ചാക്കോ വർഗീസ് സ്വാഗതവും എസ്. പാപ്പച്ചൻ നന്ദിയും പറഞ്ഞു. സമ്മേളനത്തിൽ 500 പേർ പങ്കെടുത്തു.



## ഏകദിന സമ്മേളനം

പുത്തൻകാവ് ; ബാലസമാജം ഡിസ്ട്രിക്റ്റ് ഏകദിന സമ്മേളനം സെന്റ് മേരീസ് കത്തീഡ്രലിൽ നടത്തി. യുവജന പ്രസ്ഥാനം ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ 'അരുളിചെയ്യണമേ അടിയൻ കേൾക്കുന്നു' എന്നതിനെ അടിസ്ഥാനമാക്കി ക്ലാസ്സ് എടുത്തു. പുത്തൻകാവ് ഡിസ്ട്രിക്റ്റ് സണ്ടേസ്കൂൾ ഇൻസ്പക്ടർ കെ. കെ. ഏബ്രഹാം ക്വിസ് മത്സരം നടത്തി.

പൊതുസമ്മേളനം തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഉൽഘാടനം ചെയ്തു. ഫാ. വൈ. തോമസ് അദ്ധ്യക്ഷം വഹിച്ചു. ഭദ്രാസന സെക്രട്ടറി റെജി സി. കെ. മുൻസിപ്പൽ കൗൺസിലർ വി. എ. ജേക്കബ്, ഭദ്രാസന ജോ. സെക്രട്ടറി വിനോദ് ജോർജ്, ഓർഗനൈസർമാരായ ബിജു വർഗീസ്, ഷിബു പി. കുര്യൻ, റെനി എം. റ്റി. എന്നിവർ പ്രസംഗിച്ചു. വികാരി ജോൺ ദാനിയേൽ സ്വാഗതവും ഡിസ്ട്രിക്റ്റ് ഓർഗനൈസർ ജോഷ്വാ ഏബ്രഹാം കൃതജ്ഞതയും പറഞ്ഞു.

## അർദ്ധദിന സമ്മേളനം

ഇടവങ്കാട് ; ഡിസ്ട്രിക്ട് ബാലികാസമാജം അർദ്ധദിന സമ്മേളനം പെരിങ്ങലിപ്പുറം സെന്റ് ജോർജ് പള്ളിയിൽ ഫാ. കെ. എസ്. ശാമുവലിന്റെ അദ്ധ്യക്ഷതയിൽ നടത്തി. പുത്തൻകാവ് ഡിസ്ട്രിക്ട് സണ്ടേസ്കൂൾ ഇൻസ്പെക്ടർ കെ. കെ. ഏബ്രഹാം 'രൂത്തിന്റെ പുസ്തകത്തെ' ആസ്പദമാക്കി ക്ലാസ്സെടുത്തു. വി. കെ. മാത്യു ഗാനപരിശീലനത്തിനു നേതൃത്വം നൽകി. ബാലികാ സമാജം ഭദ്രാസന സെക്രട്ടറി അന്നമ്മ ജോസഫ്, ലില്ലി ജോൺ എന്നിവർ പ്രസംഗിച്ചു.

## പ്രതിഷേധിച്ചു

തിരുവല്ല എം. ജി. എം. ഹൈസ്കൂളിനു നേരെ ഉണ്ടായ അക്രമത്തിൽ യുവജന പ്രസ്ഥാനം ഭദ്രാസന കമ്മററി പ്രതിഷേധം രേഖപ്പെടുത്തി. അക്രമം നടത്തിയവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും സ്കൂളിനു നഷ്ട പരിഹാരം നല്കണമെന്നും ആവശ്യപ്പെടുന്ന പ്രമേയം ബഹു. കേരളാ മുഖ്യ മന്ത്രിക്ക് സമർപ്പിച്ചു.

## കലാമത്സരങ്ങൾ

യുവജന പ്രസ്ഥാനം വാർഷിക കലാമത്സരങ്ങൾ ജനുവരി 15 നു മുമ്പ് യൂണിറ്റുതലത്തിലും ഫെബ്രുവരി 15 നു മുമ്പ് ഡിസ്ട്രിക്ട് തലത്തിലും നടത്തി വിജയികളുടെ പേരുവിവരം അറിയിക്കേണ്ടതാണെന്നു ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ അറിയിക്കുന്നു. സംഗീതം,' സമൂഹഗാനം, പ്രസംഗം, ഉപന്യാസം, ചെറുകഥ, കവിത, സോപകരണ സംഗീതം എന്നീ വിഷയങ്ങളിൽ നിലവിലുള്ള നിബന്ധനകൾക്കനുസൃതമായി മത്സരങ്ങൾ നടത്തണം.

## അർദ്ധവാർഷികം

ചെങ്ങന്നൂർ: ക്രിസ്ത്യൻ കോളേജിലെ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ അർദ്ധവാർഷിക സമ്മേളനം കോളേജ് ചാപ്പലിൽ നടത്തി. എം. എ. ജേക്കബ് അദ്ധ്യക്ഷതവഹിച്ച സമ്മേളനം പ്രിൻസിപ്പാൾ പ്രൊഫ. കെ. വി. മാത്യു ഉത്ഘാടനം ചെയ്തു. ഫാ. ഐപ്പ് പി. സാം മുഖ്യ പ്രഭാഷണം നടത്തി. സെക്രട്ടറി ജോൺ മാത്യു സ്വാഗതവും, അന്ന പി. വർഗീസ് നന്ദിയും പറഞ്ഞു.

## വ്യക്തിത്വ വികസന ശില്പ ശാല

കടമ്പനാട് : ചെങ്ങന്നൂർ ഭദ്രാസനത്തിലെ 12 വയസ്സിനും 25 വയസ്സിനും മദ്ധ്യേ പ്രായമുള്ള ബാലികാ സമാജ അംഗങ്ങൾക്കുവേണ്ടി കടമ്പനാട് സെ. സ്റ്റീഫൻസ് കത്തീഡ്രലിലെ ബാലികാ സമാജം പ്രവർത്തകർ 1996 ജനുവരി 7–ാം തീയതി ഒരു ഏകദിന വ്യക്തിത്വ വികസന ശില്പ ശാല സംഘടിപ്പിച്ചിരിക്കുന്നു. കോട്ടയം ഓർത്തഡോക്സ് ച്ചർച്ച്. ആർ. ഡി. സെന്റർ ഡയറക്ടർ സ്റ്റീഫൻ തോമസ് ബസ്സേലിയോസ് കോളേജ് പ്രൊഫ. ജോൺ മാത്യു എന്നിവർ നേതൃത്വം നൽകും. ഡിസംബർ 25നു മുമ്പായി റീന യോഹന്നാൻ, ജനറൽ സെക്രട്ടറി, സെ. സ്റ്റീഫൻസ് കത്തീഡ്രൽ, കടമ്പനാട് പി.ഒ. എന്ന വിലാസത്തിൽ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## അനുമോദിച്ചു

ചെങ്ങന്നൂർ മുൻസിപ്പൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട യുവജന പ്രസ്ഥാനം പുത്തൻകാവ് ഡിസ്ട്രിക്ട് ഓർഗനൈസർ വി.എ. ജേക്കബിനെ അനുമോദിച്ചു. ഫാദർ കെ.ജി. ചെറിയാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫാ. ജോൺപോൾ, ജേക്കബ് ഉമ്മൻ, മാത്യു ജി. മനോജ്, എന്നിവർ പ്രസംഗിച്ചു.

## സ്കോളർഷിപ്പ്

ചെങ്ങന്നൂർ; അബുദാബി സെന്റ് ജോർജ്ജ് ഇടവകയിലെ യുവജന പ്രസ്ഥാനത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി അനുവദിച്ച സ്കോളർഷിപ്പുകൾ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ വിതരണം ചെയ്തു. ഭദ്രാസനത്തിലെ 5 ഡിസ്ട്രിക്ടിൽ നിന്നും തെരഞ്ഞെടുത്ത 10 വിദ്യാർത്ഥികൾക്ക് 1000 രൂപാ വീതം നൽകി. ഫാ. ഗീവർഗീസ് ജോൺ, ജേക്കബ് ഉമ്മൻ, മാത്യു റ്റി. മനോജ് എന്നിവർ പ്രസംഗിച്ചു.

## കുരിശിൻ സൗധത്തിനു കല്ലിട്ടു

പുതുപ്പാടി: എം. ജി. എം. ഹൈസ്കൂൾ അങ്കണത്തിൽ പരി. പരുമല തിരുമേനിയുടെ നാമത്തിൽ പണിയുന്ന കുരിശിൻ സൗധത്തിനു സ്കൂൾ മാനേജർ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ തറക്കല്ലിട്ടു.

## കാര്യമ്പാടി കണ്ണാശുപത്രി

കാര്യമ്പാടി: മലങ്കര ഓർത്തഡോക്സ് സഭാ കാര്യമ്പാടി മെഡിക്കൽ മിഷൻ ആശുപത്രിയുടെ കൺസഷണൽ ട്രീറ്റ്മെന്റ് വാർഡിന്റെ ഉദ്ഘാടനം തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. കുറിയാക്കോസ് മാർ ക്ളിമീസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.



## ഭദ്രാസന സണ്ടേസ്കൂൾ സഹപാഠ്യമത്സരം
### വിജയികൾ

### സബ് ജൂണിയർ

പ്രസംഗം
I ജെസ്സാ ആൻ കോശി (സെ. ഗ്രീഗോറിയോസ്, തൈമറവുംകര)
II ദീപാ ആൻ ജേക്കബ് (സെ. ജോർജ്, പിരളശേരി)

സംഗീതം
I സോണിയാ ആൻ ജിജു (സെ. മേരീസ്, പുത്തൻകാവ്)
II ഷാരോൺ പി. ജേക്കബ് (എം. ജി. എം., കാളികുന്ന്)

### ജൂണിയർ

പ്രസംഗം
I സജനാ എൽസാ കോശി (സെ. ഗ്രീഗോറിയോസ്, തൈമറവുംകര)
II സജിന മാത്യു (സെ. ജോർജ്, വട്ടയം)

സംഗീതം
I ഷെറിൻ ആനി മാത്യു (സെ. സ്റ്റീഫൻസ്, പേരിശേരി ഈസ്റ്റ്)
II ചാക്കോ ജെ. കുറിശേരി (സെ. മേരീസ്, കുട്ടംപേരൂർ)

സമൂഹഗാനം
I ജേക്കബ് ജോർജ്, അനൂപ് ജോർജ്, ജിനു ഏബ്രഹാം (മാർ ബസേലിയോസ്, പുത്തൻകാവ്)
II ജോസി വർഗീസ്, രാജി എൽസാ വർഗീസ്, റിൻസി എൽസാ സ്കറിയാ (സെ. തോമസ്, ഉമയാറ്റുകര)

വേദവാക്യം
I സീനാ രാജൻ (സെ. ഇഗ്നേഷ്യസ്, ചെങ്ങന്നൂർ)
II റീജാ ജോസ് (സെ. തോമസ്, കരമ്പാല)

### സീനിയർ

പ്രസംഗം
I സിനി തോമസ് (എം. ജി. എം., തോട്ടപ്പുഴ)
II ജിൻസി സാറാ ജോൺ (എം. ജി. എം., കാളികുന്ന്)

സംഗീതം
I രോഷൻ മേരി വർഗീസ് (സെ. ജോർജ്, പിരളശേരി)
II സുജാ മേരി മാത്യു (സെ. ആൻഡ്രൂസ്, പുത്തൻകാവ്)

സമൂഹഗാനം
I ലിൻസി മേരി തോമസ്, അന്ന തോമസ്, ജിറ്റി ജോസഫ് (സെ. തോമസ്, ഉമയാറ്റുകര)
II ജൂബി മറിയം ജോൺ, അന്ന തോമസ്, ജിജി ജോയി (സെ. ജോർജ്, ചെറിയനാട്)

വേദവാക്യം
I ഷൈനി എ. ജോൺ (സെ. തോമസ്, കരമ്പാല)
II ജോബി ജോർജ് (എം. ജി. എം., കളനട)

പൊതുവിജ്ഞാനം
I ഷൈനി എ. ജോൺ (സെ. തോമസ്, കരമ്പാല)
II സിനി തോമസ് (എം. ജി. എം., തോട്ടപ്പുഴ)

Regd. No. R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA

## അദ്ധ്യാപക പരിശീലനം

ചെങ്ങന്നൂർ: ഭദ്രാസന സൺഡേസ്കൂൾ അദ്ധ്യാപക പരിശീലന ക്യാമ്പ് ബഥേൽ അരമനയിൽ നടത്തി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

മാത്യൂസ് മാർ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്താ, ഫാ. ടി. ജെ. ജോഷ്വാ, ഫാ. നൈനാൻ വി. ജോർജ്ജ്, ഫാ. ഐപ്പ് പി. സാം, ഫാ. ജോൺ പോൾ, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. മാത്യു വൈദ്യൻ, കെ. കെ. ഏബ്രഹാം, ബാബു തോമസ്, നിരണം രാജൻ എന്നിവർ ക്ലാസ്സെടുത്തു.

വെരി. റവ. പി. ജി. ജോർജ് കോർ എപ്പിസ്കോപ്പാ, ഫാ. മാത്യു വർഗീസ്, ഫാ. പി. വി. ജോൺ, സി. എസ്. മാത്യു, കെ. എം. മത്തായി, റ്റി. തോമസ്, ജി. വറുഗീസ്, സി. യു. മാത്യു, ചാക്കോ വർഗീസ്, സി. യു. മാത്യു, കമാ. കെ. ജി. തോമസ്, ഭദ്രാസന ഡയറക്ടർ റ്റി. ഇ. ജോസഫ് എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. ക്യാമ്പിൽ 120 പ്രതിനിധികൾ പങ്കെടുത്തു.

## വിദേശയാത്ര

ചെങ്ങന്നൂർ: തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ രണ്ടു മാസത്തെ വിദേശ യാത്രക്കായി ഡിസംബർ 15 ന് തിരിക്കും.

ജർമ്മനി, ഓസ്ട്രിയ, യു. കെ., ഗൾഫ് രാജ്യങ്ങൾ സന്ദർശിക്കും.

## പാരിഷ് മിഷൻ

ഇടവകകളിൽ ആത്മിക നവോത്ഥാനത്തിനായി ചെങ്ങന്നൂർ ഭദ്രാസനത്തിലെ വൈദിക സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ മദ്ധ്യവേനൽ അവധിക്കാലത്ത് പാരിഷ് മിഷൻ നടത്തുന്നു. സുവിശേഷ പ്രസംഗങ്ങൾ, വേദപഠന ക്ലാസുകൾ, ഗാന പരിശീലനം, ഭവന സന്ദർശനം എന്നീ പരിപാടികളാണ് പാരിഷ് മിഷനിലൂടെ നടത്തുന്നത്. താല്പര്യമുള്ള ഇടവകകൾ ബന്ധപ്പെടുക.

റ്റിജു വി. ഐപ്പ്, ഓർത്തഡോക്സ് സെമിനാരി,
പി. ബി. നമ്പർ 98, കോട്ടയം — 686001

Printed and Published by Fr. P. G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George